# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP/P.11/1198/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P.11/1198/2023 തീയ്യതി: 08/11/2023

# ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-09-2023 | 16-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-09-2023 | 16-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ടി.എം.റോയ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സിജിജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| അഡ്വ.രാഖി ആന്റണി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പി.വി.മണിയപ്പൻ | സെക്രട്ടറി | 01-04-2022 | 01-09-2022 |
| ശ്രീ.ശ്യാംകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-09-2022 | 09-10-2022 |
| ശ്രീ.സിറോഷ്.എസ് | സെക്രട്ടറി | 10-10-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആനി പി.വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ശ്യാംകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.സ്വാതി പ്രകാശ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ധന്യ കെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| വേക്കന്റ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 16-01-2023 |
| ശ്രീമതി.ഇന്ദുലേഖ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-01-2023 | 31-03-2023 |
| ഡോ.ജയരാജ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.ജെയിൻരാജ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീ.ഉണ്ണിക്കുട്ടൻ.പി.എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,അത്രൂർ | 01-04-2022 | 17-07-2022 |
| വേക്കന്റ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,അത്രൂർ | 18-07-2022 | 06-10-2022 |
| ബേബി ജോസഫ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,സെൻട്രൽ സർക്കിൾ | 01-04-2022 | 06-12-2022 |
| വേക്കന്റ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,സെൻട്രൽ സർക്കിൾ | 07-12-2022 | 06-01-2023 |
| ശ്രീ.അനിൽകുമാർ.കെ.എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,ചന്തിരൂർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.സിന്ധു | എച്ച്.എം.ഫിഷറീസ് | 01-04-2022 | 31-03-2023 |
| ആശ ഡേവിഡ് ആന്റണി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-10-2022 |
| ശ്രീ.പ്രമോദ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-11-2022 | 31-03-2023 |
| ശ്രീ.സതീഷ്കുമാർ.കെ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മേരിബനീജ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,അരൂർ ഇൻചാർജ്ജ് | 07-10-2022 | 31-03-2023 |
| ശ്രീമതി.മേരിബനീജ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,സെൻട്രൽ സർക്കിൾ | 07-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവുകളുമായി ബന്ധപ്പെട്ട ബാധ്യത തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-7 |
| 9 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ ബാധ്യത തുക തെറ്റായി ചേർത്തിരിക്കുന്നു. | 1-1-8 |
| 10 | ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ബജറ്റിന്റെ അവലോകനം | 1-2-1 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷ**ൻ** | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 21 | ലൈസൻസ് ഫീ കുറവായി ഈടാക്കി | 1-11 |
| 22 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - അപാകതകൾ | 1-12 |
| 23 | രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ- അപാകതകൾ | 1-13 |
| 24 | ആംബുലൻസ് - തുക അടവാക്കിയതിലെ അപാകതകൾ | 1-14 |

| | | |
|---|---|---|
| 25 | മോട്ടോർ റണ്ണിംഗ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു. | 1-15 |
| 26 | വാടകയിനത്തിൽ വൻ കുടിശ്ശിക -തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല | 1-16 |
| 27 | ടേക്ക് എ ബ്രേക്ക് - കംഫർട്ട് സ്റ്റേഷൻ - കഫറ്റീരിയ- വാടക കുടിശ്ശിക | 1-17 |
| 28 | അത്രുർ കെൽട്രോൺ ഫെറി - കുമ്പളങ്ങി ഫെറി സർവ്വീസ് ലേലനടപടികളിലെ അപാകതകൾ | 1-18 |
| 29 | സ്ഥിര നിക്ഷേപത്തിന്റെ കാലയളവ് പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച് | 1-19 |
| 30 | വൻതുക സേവിംഗ് ബാങ്കിൽ സൂക്ഷിക്കുന്നതുമൂലം പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം | 1-20 |
| 31 | എച്ച്.എം. ഗവ. ഫിഷറീസ് എൽ.പി.എസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ | 1-21 |
| 32 | ലൈഫ് ഭവന നിർമ്മാണം -അപാകതകൾ | 1-22 |
| 33 | ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ചുമത്തുന്നു – പഞ്ചായത്തിന് വൻ സാമ്പത്തിക ബാദ്ധ്യത. | 1-23 |
| 34 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല | 1-24 |
| 35 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - അപാകത | 1-25 |
| 36 | അഗതി ആശ്രയ പദ്ധതി - തുക ചെലവഴിക്കാതെ അക്കൌണ്ടിൽ നിലനിൽക്കുന്നു | 1-26 |
| 37 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തില്ല | 1-27 |
| 38 | മത്സ്യ വിൽപ്പനയ്ക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും - ഗുണഭോക്താവ് സ്വന്തം പേരിൽ വാഹനം രജിസ്റ്റർ ചെയ്തില്ല | 1-28 |
| 39 | തെരുവ് വിളക്കുകളുടെ എ.എം.സി - പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ. | 1-29 |
| 40 | ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സിയ്ക്ക് കൺസൾട്ടൻസി ഫീസ് നൽകൽ - അപാകതകൾ | 1-30 |
| 41 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും - അപാകത | 1-31 |
| 42 | ബിറ്റുമിൻ ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-32 |
| 43 | കോമ്പൗണ്ട് വാൾ നിർമ്മാണം - എർത്ത് വർക്ക് എസ്കവേഷനും പി.സി.സി കോൺക്രീറ്റിംഗിന്റെ അളവും തമ്മിൽ വ്യത്യാസം | 1-33 |
| 44 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-34 |
| 45 | കരുത്തൻതറ കാന പൂർത്തീകരണം - അപാകതകൾ | 1-35 |

| | | |
|---|---|---|
| 46 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 1-36 |
| 47 | മാർക്കണ്ഡേഴം റോഡ് പുനരുദ്ധാരണം - അപാകതകൾ | 1-37 |
| | **ഭാഗം 2** | |
| 1 | ലൈസൻസ് ഫീ കുറവായി ഈടാക്കി | 2-1 |
| 2 | ആംബുലൻസ് - തുക അടവാക്കിയതിലെ അപാകതകൾ | 2-2 |
| 3 | മോട്ടോർ റണ്ണിംഗ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു | 2-3 |
| | **ഭാഗം 3** | |
| 1 | മാർക്കണ്ഡേഴം റോഡ് പുനരുദ്ധാരണം - അപാകതകൾ | 3-1 |
| 2 | കരുത്തൻതറ കാന പൂർത്തീകരണം - അപാകതകൾ | 3-2 |
| 3 | കോമ്പൗണ്ട് വാൾ നിർമ്മാണം - എർത്ത് വർക്ക് എസ്റ്റിമേഷനും പി.സി.സി കോൺക്രീറ്റിംഗിന്റെ അളവും തമ്മിൽ വ്യത്യാസം | 3-3 |
| 4 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| 5 | ബിറ്റുമിൻ ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-5 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.07.2023-ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അത്രർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി അത്രർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.</u>

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

1-1-5 രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

തൊഴിൽ നികുതി, പെർമിറ്റ് ഫീസ്, ലേലം, വാടക, ലൈസൻസ് ഫീസ് മുതലായ നികുതി നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വിവിധ നികുതി നികുതിയേതര വരവുകളുടെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

1-1-6 രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

തൻവർഷത്തെ ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സ്ഥിര നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1-1-7 തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവുകളുമായി ബന്ധപ്പെട്ട ബാധ്യത തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സെല്ലിലെ ജീവനക്കാരുടെ വേതനം നൽകുന്നതിനായി തൻവർഷം 2216387/- രൂപ മുൻകൂർ നൽകുകയും 1590657/- രൂപ റീകൂപ്പ് ചെയ്ത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. റീകൂപ്പ് തുക അക്കൗണ്ട് ചെയ്തപ്പോൾ Admn Fund Recoup Credit എന്നതിന് പകരം Admn Fund Debit എന്ന് തെറ്റായി ജേണൽ എൻട്രി നടത്തിയത് മൂലം വാർഷിക കണക്കിലെ വർഷാവസാന ബാധ്യത 1960175/- രൂപയ്ക്ക് പകരം 5141489/- രൂപയായി.

1-1-8 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ ബാധ്യത തുക തെറ്റായി ചേർത്തിരിക്കുന്നു.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ Advance To Implementing Officers എന്ന ഹെഡിൽ നിലനിർത്തിയിട്ടുള്ള 595810/- രൂപ യഥാർത്ഥത്തിൽ പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ള തുകയല്ല.

1-1-9 ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്

ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഭരണ ചെലവുകൾക്കായുള്ള ഫെഡറൽ ബാങ്ക് അക്കൗണ്ടിലെ B-17 പ്രകാരമുള്ള നീക്കിയിരുപ്പ് തുക (15566/-) ഷെഡ്യൂൾ B-4ലെ നീക്കിയിരുപ്പുമായി (13455/-) പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 27.3.23ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 32,55,69,500 | 32,92,85,500 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 25,61,89,295 | 24,68,45,791 |

1-2-1 ബജറ്റിന്റെ അവലോകനം

2022-23 വർഷത്തെ ബജറ്റ് 30.3.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 27.03.2023ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെചേർക്കുന്ന അപാകതകൾ കാണുന്നു.

1.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1. | 2101003* | ബോണസ് | 40000 | 51225 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2201003 | വാഹന നികുതി | 00 | 15118 | ബജറ്റിൽ വകയിരുത്തലില്ലാതെ |

| | | | | | |
|---|---|---|---|---|---|
| | | | | | ചെലവഴിച്ചു. |
| 3 | 2201201 | വാർത്താവിനിമയ ചെലവുകൾ | 1,50,000 | 4,21,224 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2205101 | നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 250000 | 307500 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2301002 | പെട്രോൾ,ഡീസൽ, ഓയിൽ, ലൂബ്രിക്കന്റ് | 450000 | 657934 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2301003 | പെട്രോൾ,ഡീസൽ-ജനറേറ്റർ | 0o | 28495 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു. |
| 7 | 2301101 | വാട്ടർ ചാർജ്ജ് | 6,00,000 | 19,36,169 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 8 | 2305003 | സംരക്ഷണവും അറ്റകുറ്റപ്പണിയും-ലെയിനുകൾ | 00 | 9900 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

*സെക്രട്ടറിയുടെ ടെലിഫോൺ ചാർജ്ജ് ഈ ഹെഡ്ഡിലാണ് ചെലവ് ചെയ്തിട്ടുള്ളത്.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/8.9.2023) ലഭ്യമാക്കിയ മറുപടിയിൽ 2022ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനം പ്രാബല്യത്തിൽ വന്നപ്പോൾ പെർഫോമൻസ് ഓഡിറ്റ് സംവിധാനം പിരിച്ച് വിട്ടിട്ടുള്ളതാണെന്ന് അറിയിച്ചു. എന്നാൽ പ്രസ്തുത സംവിധാനം പിരിച്ചുവിട്ടത് 2022 നവംബറിലാണെന്നതിനാലും 2022 ഏപ്രിലിൽ മേൽ സംവിധാനം നിലവിലുണ്ടായിരുന്നു എന്നതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. മറ്റ് പല ചെലവുകളും ഹെഡ്ഡ് മാറിപ്പോയിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33547291.81 |
| വരവ് | 91898528 |
| ആകെ | 125445819.81 |
| ചെലവ് | 74418791 |
| നീക്കിയിരിപ്പ് | 51027028.81 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23672000 | 23672000 | 21717840 | 1954160 (ലാപ്സ്ഡ്) |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 11023965 | 11023965 | 10001976 | 1021989 (ലാപ്സ്ഡ്) |
| വികസനഫണ്ട് (ടി.സി.പി.) | 0 | 168051 | 168051 | 168051 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 10087000 | 10087000 | 7831599 | 2255401 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15933000 | 15933000 | 13150681 | 2782319 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ട്രഷറി | 0 | 1492803 | 1492803 | 1101387 | 391416 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻക് അവാർഡ് (ടൈഡ്) ബാങ്ക് | 2962019 | 6068000 | 9030019 | 6996350 | 2033669 (ബാങ്ക്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ബാങ്ക് | 122649 | 4225395 (പലിശ ഉൾപ്പെടെ) | 4348044 | 4206608 | 141436 (ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 280 | 245071723 | 123 | 89337182 | 75 | 82 | 43.92 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16527.5 | 1630447 | 1646974.5 | 1631408 | 15566.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 63995592 | 63995592 | 63995592 | |
| ആകെ | 16527.5 | 65626039 | 65642566.5 | 65627000 | 15566.5 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10200 | 4 |
| കർഷക തൊഴിലാളി പെൻഷൻ | 2287200 | 241 |
| വിധവാ പെൻഷൻ | 16242200 | 1610 |
| വാർദ്ധക്യകാല പെൻഷൻ | 41290600 | 4476 |
| വികലാംഗ പെൻഷൻ | 4716800 | 451 |
| അവിവാഹിത പെൻഷൻ | 924300 | 89 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 630000 | 21 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.09.2023 തീയതിയിൽ 03.07 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 55,895/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

3. വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ലാത്തതിനാൽ തിരികെ കിട്ടാനുള്ള തുകയുടേയും മടക്കി നൽകാനുള്ള തുകയുടേയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. അതുപോലെ രസീതുകളുടെ പ്രിന്റൗട്ട് ഓൺലൈനായി എപ്പോൾ വേണമെങ്കിലും എടുക്കാമെന്നതിനാൽ മടക്കി നൽകുന്ന ഡെപ്പോസിറ്റുകൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താതെ വരുന്നത് ചെലവ് ഇരട്ടിക്കുവാൻ കാരണമാകുന്നതാണ്.

5. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. ആംബുലൻസ് ഫീസ് സമാഹരിക്കുന്നതിനും ശ്മശാന ഫീസ് സമാഹരിക്കുന്നതിനുമുള്ള രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

7. കടമുറികളുടെ വാടക, ഫെറി ലേല കുടിശിക എന്നിവ കൃത്യമായി ഈടാക്കുന്നതിന് നടപടികൾ

സ്വീകരിക്കുന്നില്ല.

8. പലയിനങ്ങൾക്കും ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവഴിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അരൂർ ഗ്രാമപഞ്ചായത്തിൽ ടാക്സ് ഓഡിറ്റ് നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 18000000 | 12835546 | -5164454 |
| തൊഴിൽ നികുതി (തൻവർഷം) | 10000000 | 9144970 | -855030 |
| വാടക വരവ് | 1125500 | 1345841 | 220341 |
| ഫീ & യൂസർ ചാർജ് | 3475000 | 2518672 | -956328 |
| സെയിൽ & ഹയർ ചാർജസ് | 450000 | 303640 | -146360 |
| നിക്ഷേപങ്ങളിൽ നിന്നുള്ള വരവ് | 850000 | 864693 | 64693 |
| പലിശ ലഭിച്ചത് | 400000 | 857444 | 457444 |
| മറ്റു വരവുകൾ | 125000 | 65470 | 59530 |
| ആകെ | 34425500 | 27936276 | 6320164 |

ബജറ്റും യഥാർത്ഥ വരവുകളും തമ്മിൽ വലിയ അന്തരമുണ്ട്. വസ്തു നികുതിയിലാണ് ഏറ്റവും കൂടുതൽ വ്യത്യാസം ഉണ്ടായിട്ടുള്ളത്.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക | 419661 |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ തൻവർഷം ലഭിക്കാനുള്ളത് | 667701 |
| പാർപ്പിടേതര ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക | 5914231 |
| പാർപ്പിടേതര ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ തൻവർഷം ലഭിക്കാനുള്ളത് | 2092599 |
| ആകെ കുടിശ്ശിക | 9094192 |

അരൂർ ഗ്രാമപഞ്ചായത്തിലെ വ്യവസായ മേഖലയിൽ ഉള്ള കെട്ടിടങ്ങളുടെ നികുതി കോടതി ഉത്തരവിന്റെ

ആനുകൂല്യത്തിൽ നികുതിദായകർ അടവാക്കാത്തത് കൊണ്ടാണ് ബഡ്ജറ്റ് വകയിരുത്തലും വാർഷിക വരവും തമ്മിൽ കൂടുതൽ അന്തരം ഉണ്ടായതെന്നും നികുതി അടവാക്കാത്തതിനാൽ വ്യവസായ മേഖലയിലെ കെട്ടിടങ്ങൾക്ക് ലൈസൻസ് നല്കാത്തതുമൂലം തൊഴിൽനികുതിയിലും കുറവ് വന്നിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1/6.9.23) പഞ്ചായത്തധികൃതർ ലഭ്യമാക്കിയ വിശദീകരണം.

വസ്തു നികുതി കുടിശ്ശിക നിവാരണത്തിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കൽ, മൈക്ക് അനൗൺസ്‌മെന്റ്, ഔട്ട്ഡോർ കളക്ഷൻ, ഡിമാന്റ് നോട്ടീസ് നല്കൽ, RR നടപടി തുടങ്ങിയവ സ്വീകരിക്കുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിന് 10.07.2023 ൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ പുതിയ നികുതി നിരക്കുകൾ പ്രാബല്യത്തിലായിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നം.85/2023/lsgd/31.3.23 പ്രകാരം 10.04.2023 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ ഈടാക്കുന്നുണ്ട്.

സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരമുള്ള കുടിശ്ശിക രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതി, ലൈസൻസ്, വാടക രജിസ്റ്റർ എന്നിവയിൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുമില്ല. ലഭ്യമാക്കിയ രജിസ്റ്ററുകൾ പൂർണ്ണവുമല്ല.

സർക്കാർ ഉത്തരവ് (കൈ) നം. 117/2022/lsgd/01.06.2022 സർക്കുലർ പ്രകാരം ഡി.സി.ബി. സ്റ്റേറ്റ്മെന്റ് മൂന്ന് മാസത്തിലൊരിക്കൽ ഭരണസമിതി യോഗങ്ങളിൽ സമർപ്പിക്കുന്നുണ്ടെങ്കിലും നികുതി, നികുതിയേതര വരവുകളുടെ അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭയിൽ നടത്താറില്ല.

ഓരോ കെട്ടിടവിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, മേഖല വിഭജനം എന്നിവ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2022-23 ൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗ്/ക്രമവത്കരണം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ 25 എണ്ണം തീർപ്പുകൽപ്പിക്കാതെയുണ്ട്.

മേഖലകളെ സംബന്ധിച്ച വിവരങ്ങൾ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ വിഭാഗം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

ഫലവൃക്ഷങ്ങൾ ലേലത്തിനായി വച്ചെങ്കിലും ആരുംതന്നെ പങ്കെടുക്കുന്നില്ല.

ഒഴിഞ്ഞുകിടക്കുന്ന പഞ്ചായത്തുവക കടമുറികളിൽ ചിലത് ലേലത്തിന് വച്ചെങ്കിലും ആരും പങ്കെടുത്തതായി കാണുന്നില്ല. കടമുറികൾ ലേലത്തിൽ പോകാത്തതിന്റെ കാരണം വ്യക്തമല്ല.

പഞ്ചായത്തുവക പഴയ ആംബുലൻസ് (KL 32 D 5126) പഞ്ചായത്തിനു മുൻവശംതന്നെ പാർക്ക് ചെയ്തിരിക്കുന്നത് ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ടർഫ്, കേബിൾ ടി.വി. നെറ്റ്‌വർക്ക് തുടങ്ങിയവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല.

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവരിൽ സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, റേഷൻകട വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ലഭ്യമാകുന്നില്ല.

വസ്തു നികുതിയിന്മേൽ സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല.

വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 1333 സ്ഥാപനങ്ങൾ ഉണ്ടെങ്കിലും 1152 ലൈസൻസുകളാണ് തൻവർഷം നല്കിയിട്ടുള്ളത്.

സ്റ്റുഡിയോകൾ, സ്ക്രാപ്പ് ഡീലർമാർ, കാറ്ററിംഗ് സ്ഥാപനങ്ങൾ, ഡ്രൈവിംഗ് സ്കൂൾ, ഇറച്ചിക്കോഴി/ ഇറച്ചിക്കടകൾ കള്ളുഷാപ്പുകൾ, അക്ഷയ സെന്ററുകൾ, പാൽ സൊസൈറ്റികൾ, റേഷൻകടകൾ, വാഹന വർക്ക്ഷോപ്പ്, വാഹന സ്പെയർപാർട്സ്, ബ്യൂട്ടിപാർലർ, സിമന്റ്/കെട്ടിട നിർമ്മാണ സാമഗ്രികൾ വില്പനശാലകൾ തുടങ്ങി ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചാൽ നികുതി, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കാവുന്നതാണ്.

## 1-11 ലൈസൻസ് ഫീ കുറവായി ഈടാക്കി

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ ചട്ടം 22 പട്ടിക II പ്രകാരം ലൈസൻസ് ഫീസ് താഴെപ്പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനവിവരം | മൂലധന നിക്ഷേപം | വാർഷിക ലൈസൻസ് ഫീ |
|---|---|---|---|
| 1 | മിനി എന്റർപ്രൈസസ് | ഉല്പാദന മേഖല – 25 ലക്ഷം മുതൽ 1 കോടി വരെ<br>സേവന മേഖല – 10 ലക്ഷം മുതൽ 25 ലക്ഷം വരെ | 1000 |
| 2 | സ്മോൾ എന്റർപ്രൈസസ് | ഉല്പാദന മേഖല – 1 കോടി മുതൽ 5 കോടി വരെ<br>സേവന മേഖല –25 ലക്ഷം മുതൽ 2 കോടി വരെ | 5000 |
| 3 | മീഡിയം എന്റർപ്രൈസസ് | ഉല്പാദന മേഖല – 5 കോടി മുതൽ 10 കോടി വരെ<br>സേവന മേഖല –2 കോടി മുതൽ 5 കോടി വരെ | 10000 |
| 4 | ലാർജ് എന്റർപ്രൈസസ് | ഉല്പാദന മേഖല –10 കോടിയിൽ കൂടുതൽ<br>സേവന മേഖല– 5 കോടിയിൽ കൂടുതൽ | 15000 |

അത്ര‍ൂർ ഗ്രാമപഞ്ചായത്തിലെ ഡി. & ഒ. ലൈസൻസിനുള്ള താഴെചേർക്കുന്ന അപേക്ഷകരിൽ നിന്നും മേൽ പട്ടികയിൽ നിന്നും കുറവായി ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകൻ /സ്ഥാപനം | രസീത് നം. | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | 2720 | ഫസീല എന്റർപ്രൈസസ് കോൾഡ് സ്റ്റോർ | 121040500304/ 23.2.22 | 5000 | 1000 | 4000 |
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP /IC-1016/R3/18 പ്രകാരം മൂലധന നിക്ഷേപം 252 ലക്ഷം രൂപയാണ്. സ്ഥാപനം സ്മോൾ എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 2 | 2654 | സീ ലാബ്, സീ ഫുഡ് പാർക്ക് (ഇന്ത്യ) ലി. | 121040500323/ 25.2.22 | 10000 | 5000 | 5000 |

| | | | | | | |
|---|---|---|---|---|---|---|
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP /UCO/539/08/15.10.08 പ്രകാരം മൂലധന നിക്ഷേപം 8.77കോടി രൂപയാണ്. സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 3 | S4-85/22-23-736 | ഫ്രണ്ട്ലൈൻ എക്സ്പോർട്സ് | 122040100179/ 12.4.22 | 10000 | 5000 | 5000 |
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP /IC-218/R-4/18/13.7.18 പ്രകാരം മൂലധന നിക്ഷേപം 798 ലക്ഷം രൂപയാണ്. സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 4 | 2529 | സ്റ്റോമാൻ ലോജിസ്റ്റിക്സ് ലി. | 121040107548/ 23.2.22 | 15000 | 10000 | 5000 |
| | | ഉടമയുടെ അപേക്ഷ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/IC-2572/R1/19/08.01.19 പ്രകാരം മൂലധന നിക്ഷേപം 3901.4 ലക്ഷം രൂപയാണ്. സ്ഥാപനം ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| | | | ആകെ | | | 19000 |

മേൽ പട്ടികയിൽ സൂചിപ്പിക്കുന്ന പ്രകാരം ഫീസ് ഈടാക്കുന്നതിൽ കുറവ് വന്ന 19000/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/11.9.23) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - അപാകതകൾ

2022-23 ലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ 17.05.2022 മുതൽ സർവ്വേ നമ്പർ, അപേക്ഷാ നമ്പർ, ഫ്ലോർ ഏരിയ എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. FAR, ഫ്ലോർ വിവരങ്ങൾ, പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ, മറ്റു ഫയൽ വിവരങ്ങൾ എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. അരൂർ ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകൾ CRZ ൽ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിലും ഒരു അപേക്ഷയിൽ പോലും CRZ എന്ന് രേഖപ്പെടുത്തുകയോ NOCക്കായി ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. ഒരു അപേക്ഷ പോലും നിരസിക്കുകയോ ന്യൂനതകൾ പരിഹരിക്കുന്നതിനായി നോട്ടീസ് നല്കുകയോ ചെയ്തിട്ടില്ല. വളരെ വിസ്തൃതിയുള്ള കെട്ടിടങ്ങളും റസിഡൻഷ്യൽ എന്നാണ് പെർമിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്റർ ക്രമ നം. | ഫയൽ നം. | വിസ്തൃതി($M^2$) |
|---|---|---|
| 157 | 1999/5.7.22 | 626.1 |
| 162 | 2358/19.7.22 | 538.66 |
| 223 | 9523/26.11.22 | 794.1 |
| 280 | 1946/14.3.23 | 2658 |

| | | |
|---|---|---|
| 124 | 280/24.5.22 | 1160.1 |
| 134 | 846/18.5.22 | 653.46 |

പെർമിറ്റ് അപേക്ഷകളിൽ നിർമ്മാണം പൂർത്തിയായവയ്ക്ക് നമ്പർ നല്കിയതിന്റെ വിവരങ്ങളും ഇല്ല. രജിസ്റ്ററിലെ ഒരു അപേക്ഷാ കോളം പോലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പെർമിറ്റ് രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിൽ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/12.9.23) മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

പെർമിറ്റ് രജിസ്റ്ററിൽ വലിയ ഏരിയയുള്ള കെട്ടിടങ്ങൾ റസിഡൻഷ്യൽ എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിനായി ഫയലുകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തെ (22/15.9.23) തുടർന്ന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ സങ്കേതം സോഫ്റ്റ്‌വെയറിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കാണുന്ന ബിൽറ്റ് അപ് ഏരിയയും പെർമിറ്റ് ഫയൽ പ്രകാരമുള്ള ബിൽറ്റ് അപ് ഏരിയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സങ്കേതം സോഫ്റ്റ്‌വെയറിലെ അപാകത മൂലമാണ് ഇപ്രകാരമെങ്കിൽ അപാകം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ- അപാകതകൾ

അരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ ആവശ്യത്തിനായി പ്രിന്റ് ചെയ്തിട്ടുള്ള രസീതുകൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വച്ചിട്ടില്ല. 31.3.22 ൽ 5-ാം നമ്പർ ബുക്കിൽ 501-ാം നമ്പർ രസീതാണ് എഴുതാനായി ആരംഭിച്ചിട്ടുള്ളത്. എന്നാൽ 08.06.23 മുതൽ വീണ്ടും 5-ാം നമ്പർ ബുക്കാണ് ഉപയോഗിച്ചുവരുന്നത്. നിലവിൽ 7-ാം നമ്പർ രസീത് ബുക്കാണ് ഉപയോഗിക്കുന്നത്. എന്നാൽ 12.9.23 ൽ നടത്തിയ ഫിസിക്കൽ വെരിഫിക്കേഷനിൽ 7,9 എന്നീ ബുക്കുകൾ സ്റ്റോക്കിൽ ഉണ്ട്. 5, 7 നമ്പർ രസീതുബുക്കുകൾ രണ്ടെണ്ണം വീതം വന്നത് സംബന്ധിച്ച് സെക്ഷൻ ക്ലർക്ക് നേരിട്ട് ഓഡിറ്റിൽ എഴുതി നല്കിയ വിശദീകരണത്തിൽ ടിയാരിക്ക് ചാർജ്ജ് കൈമാറിക്കിട്ടിയ 6.6.23 ന മുമ്പ് പ്രിന്റ് ചെയ്തിരുന്നവയാണ് മേൽ രസീതു ബുക്കുകൾ എന്നും ടിയാരിക്ക് സ്റ്റോക്കുമായി ബന്ധപ്പെട്ട ചുമതലകൾ ആ സമയം ഇല്ലായിരുന്നു എന്നും പ്രിന്റ് ചെയ്ത സ്ഥാപനത്തിന് തെറ്റ് പറ്റി എന്ന കരുതുന്ന എന്നുമാണ് അറിയിച്ചിട്ടുള്ളത്. ബുക്ക് പ്രിന്റ് ചെയ്തതിന്റെയോ ഇഷ്യൂ ചെയ്തതിന്റെയോ വിവരങ്ങൾ ഇല്ല.

ഫിസിക്കൽ വെരിഫിക്കേഷനിൽ 9,10,11,12 എന്നീ രസീതു ബുക്കുകൾ സ്റ്റോക്കിലുള്ളതായി കണ്ടു. ശ്മശാനം വരവുകൾക്കായുള്ള രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രിന്റ് ചെയ്തതിന്റെ എണ്ണം, വിതരണം ചെയ്തതിന്റെ എണ്ണം, ബാലൻസ് എന്നീ വിവരങ്ങൾ ലഭ്യമല്ല. മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (23/15.9.23) മറുപടി ലഭ്യമാക്കിയില്ല. ശവശരീരം മറവുചെയ്യുന്നതിന് ഈടാക്കുന്ന പണം ശ്മശാനം സൂക്ഷിപ്പ് ചുമതലയുള്ള പത്മകുമാർ എന്നയാൾ ഫ്രണ്ട് ഓഫീസിൽ നേരിട്ട് അടയ്ക്കുകയാണെന്നും ടിയാൻ ഉപയോഗിക്കുന്ന രസീത് ബുക്ക് സംബന്ധിച്ചുള്ള വിവരമൊന്നും എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ അറിയിക്കാറില്ല എന്നും ഇത് സംബന്ധിച്ച് സെക്ഷൻ ക്ലാർക്ക് അറിയിച്ചു.

മേൽ പരാമർശിച്ചിട്ടുള്ള രണ്ട് ആവശ്യങ്ങൾക്കായും രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതിന്റെ എണ്ണം, ബിൽ വിവരം, ഇഷ്യൂ ചെയ്ത വിവരം, കൈപ്പറ്റ് വിവരം, ബാലൻസ് എന്നിവ ചേർത്ത് രജിസ്റ്റർ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതും ഒരേ നമ്പറിലുള്ള രസീത് ബുക്കുകൾ പ്രിന്റ് ചെയ്ത് ഉപയോഗിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ശ്മശാനം ഫീസ് ഈടാക്കുന്നതിനായി പ്രിന്റ് ചെയ്യുന്ന രസീതുകൾക്ക് പ്രത്യേകം സ്റ്റോക്ക്/ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓഫീസ് ഉത്തരവിലൂടെ ഒരു ഉദ്യോഗസ്ഥനെ ചുമതല ഏല്പിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-14 ആംബുലൻസ് - തുക അടവാക്കിയതിലെ അപാകതകൾ

1. ലോഗ് ബുക്ക് പ്രകാരം 27.11.22 ലെ 236-ാം നമ്പർ യാത്രയുടെ തുകയ്ക്ക് രസീത് എഴുതിയിട്ടില്ല.

2. രസീത് നം. 715 (യാത്ര നം.275) ന്റെ ഒറിജിനൽ രസീതിൽ 650/- രൂപയാണ് എഴുതിയിട്ടുള്ളത്. എന്നാൽ പകർപ്പിൽ 300/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 300/- രൂപ മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും. (രസീത് നം.1220106514). കുറവായി അടവാക്കിയ തുക ഈടാക്കേണ്ടതു സംബന്ധിച്ചും ഒറിജിനൽ രസീതിലും പകർപ്പിലും വ്യത്യസ്ത തുകകൾ വന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/15.9.23) മറുപടി ലഭ്യമാക്കിയില്ല.

ഒറിജിനൽ രസീതിലും പകർപ്പിലും വ്യത്യസ്ത തുകകൾ വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-15 മോട്ടോർ റണ്ണിംഗ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു.

അരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഡി. & ഒ. ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ യന്ത്രശക്തി ഉപയോഗിക്കുന്ന അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാത്തതായോ കുറവ് ഈടാക്കിയതായോ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ/സ്ഥാപനം | കെട്ടിട നം. (ലൈസൻസ് നം.) | ഉപയോഗിക്കുന്ന എച്ച്.പി. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | സാറാ എന്റർപ്രൈസസ് (F&B Reg.No. APY/01 /627/15 പ്രകാരം 84.38 KW = 113 HP) | 6/551 A (2203) | 113 | 2000 | 1000 | 1000 |
| 2 | സാറാ എന്റർപ്രൈസസ് (F&B Reg.No. APY/01 /627/15 പ്രകാരം 84.38 KW = 113 HP) | 6/550 (2204) | 113 | 2000 | 1000 | 1000 |
| 3 | ക്ലാസിക് പെയിന്റ്സ് (F&B – APY/01 /448/2004/2.11.21 പ്രകാരം 117.31 KW = 157 HP) | 22/505 (3074) | 157 | 2000 | 1000 | 1000 |
| 4 | പ്രീമിയർ മറൈൻ ഫുഡ്സ് യൂണിറ്റ് - 2 (PCB/ALP/UCO-70 /07/24.2.21 പ്രകാരം ഉപയോഗിക്കുന്നത് 1327 HP) | 9/314,315, 316 (2330) | 1327 | 13270 | 9000 | 4270 |
| 5 | പ്രീമിയർ എക്സ്പോർട്സ് ഇന്റർനാഷണൽ | 12/325 (2330) | 200 | -- | -- | -- |

| | | | | | | |
|---|---|---|---|---|---|---|
| | -സീഫുഡ് സ്റ്റോറേജ് പ്രവർത്തിക്കുന്ന കുതിരശക്തി കാണിച്ചിട്ടില്ല. | | | | | |
| 6 | പ്രീമിയർ എക്സ്പോർട്സ് ഇന്റർനാഷണൽ -ഐസ് പ്ലാന്റ് (PCB/ALP/IC-2674 /R3/19/27.2.19 പ്രകാരം 115HP) | 8/179 (2177) | 115 | 2000 | 1250 | 750 |
| 7 | ഷനാ മറൈൻ പ്രോഡക്ട്സ് (PCB/ALP /01/609/1992/5.1.19 പ്രകാരം 75 KW = 100HP) | 5/124 (2673) | 100 | 1000 | 500 | 500 |
| 8 | ഫസീല എന്റർപ്രൈസസ്- കോൾഡ് സ്റ്റോർ (F &B- N/APY/01/669/1994 പ്രകാരം 70KW = 93 HP) | 8/204 (2720) | 93 | 1000 | -- | 1000 |
| 9 | KM ഫിഷറീസ് (F &B- D05/APY/01/613/15 പ്രകാരം 102.01KW = 136 HP) | 22/544A (2849) | 136 | 2000 | 1000 | 1000 |
| 10 | ഫ്രണ്ട്‌ലൈൻ എക്സ്പോർട്സ് അപേക്ഷ പ്രകാരം 250 HP | (3948) | 250 | 2500 | 2000 | 500 |
| 11 | സ്നോമാൻ ലോജിസ്റ്റിക്സ് (F &B- D05/APY /01/684/17/29.12.21 പ്രകാരം 434.45KW = 581 HP) | (2529) | 581 | 5810 | 3000 | 2810 |
| | ആകെ കുറവ് | | | | | 13830 |

ഡി & ഒ. ലൈസൻസിനുള്ള മുൻവർഷത്തെ അപേക്ഷയിൽ ഫ്രണ്ട്‌ലൈൻ എക്സ്പോർട്സ് പ്രൈ.ലി. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം നം. PCB/ALP/UO-3446/18/9.11.18 പ്രകാരം ഉപയോഗിക്കുന്നത് 1376.5 HP യാണ്. ഈ വർഷം അപേക്ഷ പ്രകാരം 250 HP എന്നാണ് കാണിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ചും കുറവായി ഈടാക്കിയ മോട്ടോർ റണ്ണിംഗ് ഫീസ് 13830/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുവാനുമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/11.9.23) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഫ്രണ്ട്‌ലൈൻ എക്സ്പോർട്സ് പ്രൈ.ലി. എന്ന സ്ഥാപനത്തിന്റെ മിഷനറി പവർ പരിശോധിച്ച് കുറവു വന്ന തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കുറവ് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 വാടകയിനത്തിൽ വൻ കുടിശ്ശിക -തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

അത്രൂർ ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം കുടിശ്ശികയുള്ളവരുടെ പേരുവിവരം താഴെ ചേർക്കുന്നു.

| വാടകമുറി നം. | വാടകക്കാർ | 2022-23 | മുൻവർഷം വരെയുള്ള കുടിശ്ശിക | ആകെ |
|---|---|---|---|---|
| G-4 | അജിത് കുമാർ | 13580 | 0 | 13580 |
| G-9 | ന്യൂട്ടൺ | 30564 | 65412 | 95976 |
| G-13 | പുരുഷോത്തമൻ | 25488 | 52721 | 78209 |
| F-1 | സുജിത്കുമാർ | 00 | 25344 | 25344 |
| F-2 | റ്റി.പി.സതീശൻ | 45276 | 116444 | 161720 |
| S-2 | സജി, പുത്തൻപുരയിൽ | 9856 | 0 | 9856 |
| S-5 | ആഷിക് എ.എ. | 37932 | 97550 | 135482 |
| S-7 | സുബിമോൻ | 26616 | 0 | 26616 |
| S-8 | രവീന്ദ്രൻ | 9204 | 17034 | 26238 |
| S-9 | രവീന്ദ്രൻ | 7512 | 13914 | 21426 |
| S-11 | സജി | 11004 | 10476 | 21480 |
| S-12 | സജി | 9312 | 8868 | 18180 |
| S-13 | ഷെറിൻ | -- | 31508 | 31508 |
| S-14 | ആഷിക് എ.എ | -- | 32664 | 32664 |
| 504 | രവീന്ദ്രൻ | 2820 | 5224 | 8044 |
| Stall No.2 | അനിൽകുമാർ | 5580 | 5316 | 10896 |
| Stall No.4 A | റിച്ചാർഡ് ചാൾസ് | -- | 4139 | 4139 |
| Stall No.7 | സെലിൻ ജോസഫ് | 1440 | 0 | 1440 |
| Stall No.8 | സെലിൻ ജോസഫ് | 1440 | 0 | 1440 |
| Stall No.4B | രാഘവൻ പിള്ള | 2590 | 0 | 2590 |
| Stall No.1 C | കെ.എ.മക്കാർ | 16896 | 17369 | 34265 |
| Bunk -2 | തങ്കമ്മ കരുണാകരൻ | 848 | 0 | 848 |
| Bunk -2A | സി.കെ.ചന്ദ്രബാബു | 529 | 0 | 529 |
| Bunk -3A | ബിജു, മാതേനവെളി | 1740 | 0 | 1740 |
| | ആകെ | 260227/- | 503983/- | 764210/- |

S-10 (രാജേഷ് ആർ.ആർ.), S-1(ഷെറിൻ), S-14(ആഷിക് എ.എ) എന്നീ സ്റ്റാളുകൾ പൂട്ടിക്കിടക്കുന്നതായാണ് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. S-14 എന്ന സ്റ്റാൾ പൂട്ടിക്കിടക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും മുൻവർഷം വരെ 32664/- രൂപ പഞ്ചായത്തിൽ അടവാക്കാനുണ്ട്.

മുൻവർഷങ്ങളിലേതുൾപ്പെടെ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് 06.09.2022 ൽ 1050/17 നം. ആയി നോട്ടീസ് നല്കിയിരുന്നു. മുൻവർഷ റിപ്പോർട്ടിലും വാടക കുടിശ്ശിക സംബന്ധിച്ച് പരാമർശിച്ചിരുന്നു. തൻവർഷ വാടക തുകയും മുൻവർഷ കുടിശ്ശികയും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും വർഷങ്ങളായി കുടിശ്ശികയുള്ള കടമുറികൾ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/7.9.23) മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശികകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നിയമനടപടികൾ നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല. മേൽ പട്ടികയിലെ കുടിശ്ശിക തുകകൾ പലിശയും നികുതികളും സഹിതം ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വർഷങ്ങളായി വാടക നല്കാത്ത കടമുറികൾ ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ടേക്ക് എ ബ്രേക്ക് - കംഫർട്ട് സ്റ്റേഷൻ - കഫറ്റീരിയ- വാടക കുടിശ്ശിക

അരൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി നിർമ്മിച്ച ടേക്ക് എ ബ്രേക്ക് - കംഫർട്ട് സ്റ്റേഷൻ - കഫറ്റീരിയ കെട്ടിടം നടത്തിപ്പിനായി എസ്.2-2267/22/16.12.22 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ താഴെചേർക്കുന്ന തുകകൾക്ക് ക്വട്ടേഷൻ ലഭിച്ചിരുന്നു.

1. ശ്രീ. സേവ്യർ സാൻഡിസ്, കുറ്റികാട്ട്, അരൂർ – 24501/-
2. M.D. രവി, മുക്കിൽ വീട്, കുമ്പളം – 24101/-
3. ദീപക്, മുട്ടത്തിൽ വീട്, പനങ്ങാട് – 20202/-
4. സി.പി. യദുകൃഷ്ണൻ, ചിറയിൽ വീട്, അരൂർ – 18101/-
5. സൗമ്യ പ്രകാശൻ, ചിറയിൽ, അരൂർ – 15110/-
6. തമ്പ്.പി.സി. ചിറയിൽ വീട്, അരൂർ – 12345/-
7. അബ്ദുൾഖാദർ, പൂച്ചനാട്ടിൽ, അരൂർ – 12000/-
8. അരൂർ സെൻട്രൽ ക്ഷീരോല്പാദക സഹകരണ സംഘം(A-291(D) – 11500/-

എന്നിങ്ങനെ 8 പേരിൽ നിന്നും ക്വട്ടേഷൻ ലഭിച്ചതിൽ ഏറ്റവും കൂടുതൽ തുക ക്വോട്ട് ചെയ്ത ശ്രീ. സേവ്യർ സാൻഡിസ്, കുറ്റികാട്ട്, അരൂർ എന്ന വ്യക്തിക്ക് ടേക്ക് എ ബ്രേക്ക് - കംഫർട്ട് സ്റ്റേഷൻ - കഫറ്റീരിയ കെട്ടിടം 24501/- രൂപ പ്രതിമാസ വാടകയ്ക്ക് നല്കി. ഗ്രാമപഞ്ചായത്തിന്റെ 21.01.23ലെ കത്ത് നം. എസ്.2-10823/2022 പ്രകാരം 03.02.2023 ന് സ്ഥാപനം ആരംഭിക്കണം എന്ന് അറിയിച്ചിട്ടുണ്ട്. ടിയാളിൽ നിന്നും 2022- 2023 സാമ്പത്തികവർഷം ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക ഈടാക്കിയിട്ടില്ല. വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/15.9.23) മറുപടി ലഭ്യമാക്കിയില്ല. 2023-24 സാമ്പത്തികവർഷത്തെ വാടക രജിസ്റ്റർ ഹാജരാക്കുകയുണ്ടായി. ആയതിൽ 2023 ഏപ്രിൽ മുതൽ പ്രതിമാസം 7000/- രൂപ നിരക്കിൽ ലേലത്തുകയിൽ നിന്നും വളരെ കുറച്ച് മാത്രമാണ് വാടക ഈടാക്കുന്നത്. ഇതുമൂലം പ്രതിമാസം 17501 രൂപ വ്യത്യാസം വരുന്നുണ്ട്. ഇപ്രകാരം കുറവു തുക ഈടാക്കുന്നതിന് വിശദീകരണവും, 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക ഈടാക്കിയ വിവരവും ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-18 അരൂർ കെൽട്രോൺ ഫെറി - കുമ്പളങ്ങി ഫെറി സർവ്വീസ് ലേലനടപടികളിലെ അപാകതകൾ

ഒന്നിടവിട്ട വർഷങ്ങളിൽ കുമ്പളങ്ങി ഗ്രാമപഞ്ചായത്തും അരൂർ ഗ്രാമപഞ്ചായത്തുമാണ് അരൂർ കെൽട്രോൺ ഫെറി - കുമ്പളങ്ങി ഫെറി സർവ്വീസ് ലേലം ചെയ്തു വരുന്നത്. 2022-23 സാമ്പത്തികവർഷം മേൽ സർവ്വീസിന് 25.03.2022 ൽ നടന്ന ലേലത്തിൽ താഴെചേർത്തിരിക്കുന്നവർ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു.

1. എൽ.റ്റി.സുബ്രഹ്മണ്യൻ, നികർത്തിൽ, കുമ്പളങ്ങി - 427000/-
2. ഫിജി സുരേഷ്, എട്ടുതെങ്ങുംതറ, അരൂർ - 657000/-
3. അനിൽകുമാർ കെ.എസ്., ശിവപ്രിയ, നദ്‌വത്ത് നഗർ 355555/-

ലേലനടപടികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

2022 മാർച്ചിൽ നടത്തിയ 2022-23 വർഷത്തേയ്ക്കുള്ള ലേല നടപടികളിലെ അപാകതകൾ സംബന്ധിച്ച് 2021-22 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-19ആയി പരാമർശിച്ചിരുന്നു. ഈ പരാമർശ പ്രകാരം ലേലം ഉറപ്പിച്ച വ്യക്തി തുടർനടപടികൾ സ്വീകരിക്കാതെ ലേലം ഒഴിഞ്ഞെങ്കിലും ടി വ്യക്തിക്ക് ഇ.എം.ഡി.തുക (10000/-) തിരികെ നല്കിയത് സംബന്ധിച്ച് വിശദീകരണം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയില്ല. കൂടാതെ ലേലക്കാരനുമായി പഞ്ചായത്ത് നാളിതുവരെ കരാർ ചമയ്ക്കാത്തത് സംബന്ധിച്ചുള്ള മുൻവർഷത്തെ ഓഡിറ്റ് എൻക്വയറിക്ക് ലേലക്കാരനുമായി കരാർ ചമയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മുൻവർഷ ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ പിന്നീട് കരാർ ചമയ്ക്കുകയുണ്ടായില്ല.

ലേല രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തികവർഷം ലേലം നല്കിയ ശ്രീ. സുബ്രഹ്മണ്യൻ ലേലത്തുകയായ

427000/- രൂപയിൽ, ലേലം ഉറപ്പിച്ചു നല്കിയ 31.3.2022ൽ 251930/- രൂപ മാത്രമാണ് (രസീത് നം.121040109104, 9107) പഞ്ചായത്തിൽ അടവാക്കിയത്. ലേലക്കാരന്റെ പേരായി ലേലം ഒഴിഞ്ഞ ശ്രീ. ഫിജി സുരേഷിന്റെ പേരാണ് ലേല രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. തുടർന്ന് ലേലക്കാരനായ ശ്രീ സുബ്രഹ്മണ്യന്റെ 09.05.2022 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ സി.2-226/7 /20/30.6.22 ഉത്തരവ് പ്രകാരം യാത്രാനിരക്കുകൾ വർദ്ധിപ്പിച്ചു നല്കുകയും ചെയ്തു. എന്നാൽ ബാക്കി തുകയായ 175070/- രൂപയും നികുതികളും ലേല നിബന്ധന 8 പ്രകാരമുള്ള തറവാടകയും പഞ്ചായത്തിൽ നാളിതുവരെ അടവാക്കിയിട്ടില്ല.

ബാക്കി തുക അടവാക്കണമെന്ന് കാണിച്ച് ലേലക്കാരന് 31.7.22, 10.4.2023 തീയതികളിൽ നോട്ടീസ് അയയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ലേല കാലാവധി പൂർത്തിയായി 5 മാസത്തിനുശേഷവും ബാക്കി തുക പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

ലേല രജിസ്റ്റർ പ്രകാരം മുൻവർഷങ്ങളിലെ ഫെറി സർവ്വീസ് ലേലമിനത്തിലും പഞ്ചായത്തിന് ഇപ്രകാരം വൻ തുക ലഭ്യമാകാനുണ്ട്.

2016-17 ലെ ലേലത്തുകയായ 70000/-രൂപയിൽ 24000/- രൂപ മാത്രമാണ് (11604100469/20.4.16) ലഭിച്ചിട്ടുള്ളത്. ബാക്കി 46000/- രൂപ ലഭ്യമാകാനുണ്ട്. ലേലക്കാരനായ ശ്രീ. അനിൽകുമാർ, നികർത്തിൽ, കുമ്പളങ്ങി എന്നയാൾക്ക് 13.12.2016, 24.01.2017 തീയതികളിൽ നോട്ടീസ് അയയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. മറ്റു നിയമ നടപടികൾ സ്വീകരിച്ച വിവരങ്ങളൊന്നുമില്ല.

2018-19 ലെ ലേലത്തുകയായ 81000/- രൂപയിൽ 40500/- രൂപ മാത്രമാണ് (രസീത് നം. 117040108922/31.3.19) ലേലക്കാരായ ശ്രീ. ശാന്ത നികർത്തിൽ, ശ്രീ. സുബ്രഹ്മണ്യൻ, നികർത്തിൽ എന്നിവർ അടവാക്കിയിട്ടുള്ളത്. ബാക്കി 40500/- രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ചിട്ടുമില്ല.

2020-21 ലേലത്തുകയായ 115000/- രൂപയിൽ 57500/- രൂപ മാത്രമാണ് (രസീത് നം.119040109762/30.3.20) ലേലക്കാരനായ ശ്രീ. അനിൽകുമാർ, നികർത്തിൽ, കുമ്പളങ്ങി എന്നയാൾ അടവാക്കിയിട്ടുള്ളത്. ബാക്കി തുക 57500/- രൂപ അടവാക്കിയിട്ടില്ല. തുക ഈടാക്കുന്നതിന് മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

ലേല നിബന്ധന (2) പ്രകാരം ഗ്രാമപഞ്ചായത്തിൽ കുടിശ്ശികയുള്ളവരെ ലേലത്തിൽ പങ്കെടുപ്പിക്കില്ല എന്നാണെങ്കിലും 2018-19 സാമ്പത്തികവർഷം മുഴുവൻ തുകയും അടവാക്കാതിരുന്ന ശ്രീ. സുബ്രഹ്മണ്യൻ നികർത്തിൽ എന്നയാൾക്കാണ് 2022-23 വർഷവും ലേലം നല്കിയിട്ടുള്ളത്. കൂടാതെ 2016-17, 2020-21 സാമ്പത്തിക വർഷങ്ങളിൽ മുഴുവൻ തുകയും അടവാക്കാതിരുന്ന ശ്രീ. അനിൽകുമാർ, നികർത്തിൽ, കുമ്പളങ്ങി എന്നയാൾ 2022-23 സാമ്പത്തികവർഷം ലേലത്തിൽ സംബന്ധിച്ചിട്ടുമുണ്ട്.

ലേലം ഉറപ്പിച്ചശേഷം ലേലക്കാരൻ ലേല നടപടികളിൽ നിന്നും പിൻവാങ്ങിയതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് ലേല നിബന്ധനകൾ പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. ലേലക്കാരനുമായി കരാർ വയ്ക്കാതെയും മുഴുവൻ തുകയും അടവാക്കാത്ത ലേലക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാതെയും ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തികനഷ്ടം ഉണ്ടാകാൻ ഇടവരുത്തുന്ന ഈ നടപടികൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/7.9.23) മറുപടി ലഭ്യമാക്കിയില്ല. തൻവർഷത്തെ കുടിശ്ശികയായ 175070/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായ 144000/- (46000+ 40500+ 57500) രൂപയും ഉൾപ്പെടെ ആകെ 319070/- രൂപ പലിശയും നികുതികളും സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടുതൽ അന്വേഷണത്തിനായി ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

## 1-19 സ്ഥിര നിക്ഷേപത്തിന്റെ കാലയളവ് പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച്

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 2,21,45,651/-രൂപ വിവിധ ബാങ്കുകളിൽ സ്ഥിരനിക്ഷേപമായി സൂക്ഷിച്ചിട്ടുണ്ട്. വ്യത്യസ്ത കാലയളവുകളിൽ ആരംഭിച്ചിട്ടുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ, കുറഞ്ഞ കാലാവധിയ്ക്ക് തുക നിക്ഷേപിക്കുന്നത് മൂലം പലിശ വരവിൽ കുറവ് സംഭവിക്കുന്നതായി കാണുന്നു. ഉദാഹരണത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അരൂർ ശാഖയിൽ 1/4/2022ൽ 46 ദിവസത്തെ കാലാവധിയിൽ 4.5% പലിശനിരക്ക് നിരക്കിൽ 1548770/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ടി നിക്ഷേപത്തിന് 31/3/2023 വരെയുള്ള ഒരു വർഷത്തേയ്ക്ക് ലഭിച്ച പലിശ 70865/-രൂപയാണ്. ഇതേ കാലയളവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അരൂർ ശാഖയിൽ ഒരു വർഷത്തെ കാലാവധിയിൽ നിക്ഷേപിച്ച തുകയ്ക്ക് 6.8% നിരക്കിൽ പലിശ ലഭിച്ചിട്ടുണ്ട്. 1548770/- രൂപ ഒരു വർഷ കാലാവധിയ്ക്കാണ് നിക്ഷേപിച്ചിരുന്നതെങ്കിൽ 6.8% നിരക്കിൽ 105316/- രൂപ പലിശ ലഭിക്കുമായിരുന്നു. ടി നിക്ഷേപത്തിന് മാത്രം പലിശയിനത്തിൽ 34,351/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. കുറഞ്ഞ കാലാവധിയിൽ നിക്ഷേപിച്ചിട്ടുള്ള സ്ഥിര നിക്ഷേപങ്ങളുടെ കാലാവധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം. 14/13.9.23) മറുപടി നൽകിയത്. കുറഞ്ഞ കാലയളവിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ കാലയളവ് പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-20 വൻതുക സേവിംഗ് ബാങ്കിൽ സൂക്ഷിക്കുന്നതുമൂലം പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം

അരൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വരവുകൾ 09.11.2022 വരെ SBI, അരൂർ ബ്രാഞ്ചിലും (അക്കൗണ്ട് നം. 67247405657) തുടർന്ന് 10.11.2022 മുതൽ കാനറാ ബാങ്കിലുമാണ് (അക്കൗണ്ട് നം. 110043261935) അടവാക്കി വരുന്നത്. മേൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ 31.03.2023 ൽ യഥാക്രമം 2,79,61,228.77 രൂപ, 1,36,75,136/- രൂപ എന്നിങ്ങനെ ആകെ 4,16,36,364.77 രൂപ അവശേഷിക്കുന്നുണ്ട്. തൻവർഷം ആകെ 8,53,526/- രൂപ മാത്രമാണ് പലിശയിനത്തിൽ മേൽ അക്കൗണ്ടുകളിൽ നിന്നും ലഭ്യമായത്. ഗ്രാമപഞ്ചായത്തിന്റെ ചെലവുകൾക്കാവശ്യമായ തുക നിലനിർത്തി ബാക്കി തുക സ്ഥിരനിക്ഷേപമാക്കി മാറ്റാതിരുന്നതിനാൽ വൻതുക പലിശയിനത്തിൽ നഷ്ടമായി. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-21 എച്ച്.എം. ഗവ. ഫിഷറീസ് എൽ.പി.എസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ

1) പ്രോജക്ട് നം. S0158/23 - ഷീപാഡ് പ്രോഗ്രാം

അടങ്കൽ - 66000/- (വികസന ഫണ്ട് - പൊതുവിഭാഗം)

66000/- (തനത് ഫണ്ട്)

132000/-

ചെലവ് - 132000/- (ട്രഷറി ബിൽ നം. 1/18.3.23 – 66000)

(ബിൽ റഫ. നം. 596882/3.9.22- 66000/-)

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

ഷീപാഡ്, അലമാര, ഇൻസിനേറ്ററുകൾ എന്നിവയ്ക്കായാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. തുക നല്കിയിട്ടുള്ളത് കേരള വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷനാണ്. ക്വട്ടേഷൻ ലഭ്യമായിട്ടുള്ള ഏജൻസി സാധനങ്ങൾ ലഭ്യമാക്കുന്നതാണെന്നും ബിൽ കത്തിനൊപ്പം ലഭ്യമാക്കുന്ന എന്നുമാണ് കോർപ്പറേഷന്റെ കത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. കേരള വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും 3 സ്കൂളുകൾക്ക് ഓരോ ഇൻസിനേറ്ററുകൾ ലഭ്യമായ സാക്ഷ്യപത്രം മാത്രമാണ് സ്കൂളുകളിൽ നിന്നും ലഭ്യമായിട്ടുള്ളത്. ആയതിന് 75504/- (25168x3) മാത്രമാണ് ചെലവ് വരുന്നത്.

ഷീപാഡ്, അലമാര എന്നിവ ലഭ്യമായതായി രേഖകളില്ല. മുൻവർഷം ഈ പ്രോജക്ടിനായി 132000/- രൂപ നല്കിയിരുന്നു. (ആകെ അടങ്കൽ 264000/-). ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. ലഭ്യമായ ഇൻസിനേറ്ററുകളുടെ വില കിഴിച്ച് ബാക്കി 188496/-(264000-75504) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) പ്രോജക്ട് നം. S0240/23 - അത്തൂർ ഗവ. ഫിഷറീസ് എൽ.പി.എസ്., ഇഹ്യ ഉൾ ഇസ്ലാം ഗവ. എൽ.പി.എസ്. എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം.

അടങ്കൽ - 200000/- (വികസന ഫണ്ട് - പൊതുവിഭാഗം)

64960/- (തനത് ഫണ്ട്)

264900/-

ചെലവ് - 200000/-

(ട്രഷറി ബിൽ നം. 2/18.3.23 – 86940)

(ട്രഷറി ബിൽ നം. 3/18.3.23 – 82800)

(ട്രഷറി ബിൽ നം. 7/31.3.23 – 12316)

(ട്രഷറി ബിൽ നം. 8/31.3.23 – 17944)

70380/- (തനത് ഫണ്ട് - ചെക്ക് നം. 5892161/10.3.23)

ആകെ- 270380/-

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ-

ക്വട്ടേഷൻ പ്രകാരം സ്കൂളുകളിൽ ഭക്ഷണം ലഭ്യമാക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്ന അന്നപൂർണ്ണേശ്വരി കാറ്ററിംഗ് സർവ്വീസിന്റെ 240120/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുള്ളത്.

29/5.12.22 - 86940/- (ട്രഷറി ബിൽ നം. 2/18.3.23 – 86940)

28/4.1.23 - 19890/- (തനത് ഫണ്ട് - ചെക്ക് നം. 5892161/10.3.23- രൂ.70380/-)

30/4.1.23 - 50490/- (തനത് ഫണ്ട് - ചെക്ക് നം. 5892161/10.3.23-രൂ.70380/-)

25/6.3.23 - 23400/-(ട്രഷറി ബിൽ നം. 3/18.3.23 – 82800)

001/6.3.23 - 59400/- (ട്രഷറി ബിൽ നം. 3/18.3.23 – 82800)

ആകെ - - 240120/-

ട്രഷറി ബിൽ നം. 7/31.3.23 – 12316, ട്രഷറി ബിൽ നം. 8/31.3.23 – 17944 എന്നിവ പ്രകാരം 30260/- രൂപകൂടി ഈ ആവശ്യത്തിലേക്കായി മാറിയിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവിനടിസ്ഥാനമായ അന്നപൂർണ്ണേശ്വരി കാറ്ററിംഗ് സർവ്വീസിന്റെ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 30260/- രൂപയുടെ ചലവ് തടസ്സപ്പെടുത്തുന്നു.

ആകെ തടസ്സപ്പെടുത്തുന്ന തുക – 188496+ 30260= 218756/-

1-22 ലൈഫ് ഭവന നിർമ്മാണം -അപാകതകൾ

I)പ്രോജക്ട് നം – S 0161/23

പ്രോജക്ടിന്റെ പേര് – ലൈഫ് എസ്.സി. അഡീഷണൽ ലിസ്റ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ, ചന്തിരൂർ സർക്കിൾ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|

| | | |
|---|---|---|
| വികസനഫണ്ട്(എസ്.സി.പി) | 30,00,000 | 2346747 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 50,00,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 5,00,000 | 500000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 5,00,000 | 0 |
| മറ്റുള്ളവ | 1,10,00,000 | 0 |
| ആകെ | 2,00,00,000 | 2846747 |

മേൽ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ അടിത്തറ നിർമ്മാണം പൂർത്തീകരിച്ചു. തുടർന്ന് പ്രവർത്തി ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം/തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ശശീന്ദ്രൻ<br>നന്ദിനി നിവാസ്<br>ചന്തിരൂർ<br>വാർഡ് – 15 | 160000<br>(രണ്ടാംഗഡു) | 2/22-23<br>/27.07.22 | 200000<br>(ഒന്നാംഗഡു-40000)<br>(രണ്ടാംഗഡു-160000) |
| 2 | അജിത<br>ഞാറയ്ക്കൽകളം<br>അരൂർ<br>വാർഡ് – 20 | 160000<br>(രണ്ടാംഗഡു) | 333/22-23<br>/28.03.23 | 200000<br>(ഒന്നാംഗഡു-40000)<br>(രണ്ടാംഗഡു-160000) |

II)വി.ഇ.ഒ.അരൂർ സർക്കിളിന്റെ ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പ്രകാരം ഷിബു, ചേരുങ്കൽ, അരൂർ, വാർഡ്-3 എന്ന ഗുണഭോക്താവ് 40000/- രൂപ 20.03.21 ൽ കൈപ്പറ്റി. എന്നാൽ പ്രവർത്തി ആരംഭിച്ചില്ല.

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/16.09.23) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിത ഗുണഭോക്താക്കളുടെയെല്ലാം ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ചുമത്തുന്നു – പഞ്ചായത്തിന് വൻ സാമ്പത്തിക ബാദ്ധ്യത.

പഞ്ചായത്ത് പരിധിയിലാകെ 387 പൊതു കുടിവെള്ള ടാപ്പുകളാണ് ഉള്ളത്. ടാപ്പ് ഒന്നിന് പ്രതിവർഷം 5788.13 രൂപ നിരക്കിൽ പ്രതിമാസം 186,663/- രൂപയാണ് 2023 ഫെബ്രുവരി വരെ വെള്ളക്കരം ഡിമാന്റ് ചെയ്തിരുന്നതും അടച്ച് പോന്നതും. എന്നാൽ 2023 മാർച്ചിൽ വെള്ളക്കരം ടാപ്പൊന്നിന് പ്രതിവർഷം 14559.12 രൂപയായി വർദ്ധിച്ചതുമൂലം പ്രതിമാസ വെള്ളക്കരം 469528/- രൂപയായി ഉയർന്നു. ഇത് പഞ്ചായത്തിന്റെ അനിവാര്യചെലവിൽ വലിയ വർദ്ധനവിന് കാരണമാകുന്നു.

ജൽ ജീവൻ മിഷൻ വഴി ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ നിലവിലുള്ള 387 പൊതുടാപ്പുകളിൽ 380 എണ്ണം വിച്ഛേദിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള 1,60,000/- രൂപ 18/03/2023ൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുള്ളതാണ്. എന്നിരുന്നാലും 387 പൊതു ടാപ്പുകൾക്കുള്ള ഉയർന്ന നിരക്കിലുള്ള പ്രതിമാസ വെള്ളക്കരമായ 469528/-

രൂപയാണ് നിലവിലും ഡിമാന്റ് ചെയ്യുന്നത്. പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനോ വെള്ളക്കരത്തിൽ കുറവ് വരുത്തുന്നതിനോ യാതൊരുവിധ നടപടികളും നാളിതുവരെ വാട്ടർ അതോറ്റി സ്വീകരിച്ചിട്ടില്ല. ഇത് ഉപയോഗിക്കാത്ത ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനിടയാകുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി (നം 27/15.9.23) നൽകുകയുണ്ടായി. പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഒടുക്കിയതിന് ശേഷവും ഉയർന്ന നിരക്കിൽ 387 ടാപ്പുകൾക്കും വെള്ളക്കരം ഡിമാന്റ് ചെയ്തതിനാൽ മെയ് മുതൽ ആഗസ്റ്റ് വരെയുള്ള വെള്ളക്കരം ഒടുക്കിയിട്ടില്ലെന്നും സെപ്റ്റംബർ മാസം പൊതുടാപ്പുകളുടെ എണ്ണം 33 ആയി കുറവ് ചെയ്ത് വെള്ളക്കരം 40037/- രൂപയായി പുനക്രമീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകി. 380 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക ഒടുക്കിയിട്ടുള്ളതിനാൽ 7 ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

### 1-24 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2022-23 ൽ നടപ്പിലാക്കിയ വിവിധ തൊഴിലുറപ്പ് പദ്ധതികൾക്ക് ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത് കർഷകമഠം ജെ.എൽ.ജി ഗ്രൂപ്പാണ്. ആയതിന് പ്രതിഫലമായി തൻവർഷം കർഷകമഠം ജെ.എൽ.ജി ഗ്രൂപ്പിന് 525450/-രൂപ നൽകിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ് /16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23ൽ ഒരു സിംഗിൾ കോൺട്രാക്ടിന്റെ അടിസ്ഥാനത്തിൽ 2.5 ലക്ഷംരൂപയ്ക്ക് മുകളിൽ ഡിസ്പ്ലേ ബോർഡുകൾ സപ്ലൈ ചെയ്ത മേൽ ഗ്രൂപ്പിൽ നിന്നും ജി.എസ്.ടി നിയമപ്രകാരം ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല. തന്മൂലം ജി.എസ്.ടിയിനത്തിൽ 10509/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (28/15.9.23) നിയമാനുസൃത നികുതി ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-25 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - അപാകത

പ്രോജക്ട് നം. – S0183/23

പ്രോജക്ടിന്റെ പേര് - വയോജനങ്ങൾക്ക് കട്ടിൽ വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വകയിരുത്തൽ

വികസന ഫണ്ട് (പൊതുവിഭാഗം)- 550000

ചെലവ് - ബിൽ നം.39/22-23/29.03.23 തുക.550000

അപാകത ചുവടെ കൊടുക്കുന്നു.

2022-23 സാമ്പത്തികവർഷം മേൽ പ്രോജക്ട് പ്രകാരം 132 പേർക്ക് ARTCO LTD, തൃശ്ശൂർ നിന്നും കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Hard Wood Cot | 132 | 3559.33 | 469831.56 |

| | |
|---|---|
| CGST | 42284.84 |
| SGST | 42284.84 |
| | 554401.24 |
| Discount | 4401 |
| Total Amount | 550000 |

സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി.28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ 132 ഗുണഭോക്താക്കളിൽ 17 പേർ മാത്രമാണ് അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട് നിരാലംബരായിട്ടുള്ളത്. അവശേഷിക്കുന്ന 115 പേർ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/15.09.23), മാർഗ്ഗരേഖ പ്രാബല്യത്തിൽ വരുന്നതിന് മുൻപ് തന്നെ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിരുന്നതിനാലാണ് പ്രസ്തുത അപാകത സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കി. മാർഗ്ഗരേഖ നിഷ്കർഷിക്കും പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും ആനുകൂല്യം നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അഗതി ആശ്രയ പദ്ധതി - തുക ചെലവഴിക്കാതെ അക്കൌണ്ടിൽ നിലനിൽക്കുന്ന

പ്രോജക്ട് നം - S 0245/23

പ്രോജക്ടിന്റെ പേര് - അഗതി ആശ്രയ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 200000 | 200000 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 200000 | 200000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 200000 | 200000 |
| ആകെ | 600000 | 600000 |

അഗതി ആശ്രയ ലിസ്റ്റിലുള്ളവരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി ഏറ്റെടുത്ത പ്രോജക്ട് സി.ഡി.എസ്.മെമ്പർ സെക്രട്ടറി, സി.ഡി.എസ്.ചെയർപേഴ്സൺ എന്നിവരുടെ പേരിൽ അരൂർ എസ്.ബി.ഐ.യിലുള്ള അഗതി രഹിത കേരളത്തിന്റെ 38303725467 നം. അക്കൌണ്ടിൽ 600000/- രൂപ നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

1)ബിൽ നം.10/22-23/23.02.23 തുക.200000

2)ബിൽ നം.12/22-23/17.03.23 തുക.200000

3)ബിൽ നം.17/22-23/28.03.23 തുക.200000

അസിസ്റ്റന്റ് സെക്രട്ടറിയുടെ 15.03.23,28.03.23 തീയതികളിലെ എസ്.1/389/22 നം. നടപടിക്രമങ്ങളിൽ, പദ്ധതി നിർവ്വഹണ ഘട്ടങ്ങളുടെ അടിസ്ഥാനത്തിൽ തുക ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് അനുവദിച്ച് നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ തുക അക്കൌണ്ടിൽ നിന്നും ചെലവഴിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/15.09.23), മറുപടി ലഭ്യമാക്കിയില്ല. പദ്ധതിപ്പണം ചെലവ് ശതമാനം കൂട്ടുന്നതിനായി തുക അഗതി രഹിത കേരളത്തിന്റെ അക്കൌണ്ടിൽ നൽകുന്നു എന്നല്ലാതെ പ്രസ്തുത തുക അർഹരായ അഗതികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെടുന്നില്ല. ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകും വിധം

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

1-27 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തില്ല

മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി ഫിഷറീസ് ഓഫീസറായ ശ്രീമതി ആശ നടപ്പിലാക്കിയ താഴെപറയുന്ന പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും 1388842/- രൂപ ചെലവഴിച്ച് ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ടി സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ചരക്ക് സേവന നികുതി ഉറവിടത്തിൽ കുറവ് ചെയ്തതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നികുതി ഒഴികെയുള്ള തുക | ഈടാക്കേണ്ട ജി.എസ്.ടി @ 2% |
|---|---|---|---|
| 01 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് (144/23) | 396812 | 7936 |
| 02 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് (149/23) | 992030 | 19841 |
| | ആകെ | 1388842/- | 27777 |

ആർ.ജെ എന്റർപ്രൈസസിൽ നിന്നും ചരക്ക് സേവന നികുതി ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/15.9.23) മറുപടി ലഭ്യമാക്കിയില്ല. 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ളതും ജി.എസ്.ടി ബാധകമായിട്ടുള്ളതുമായ എല്ലാ വാങ്ങലുകളുടേയും ബില്ലിൽ നിന്നും 2% നിരക്കിൽ നികുതി ഉറവിടത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-28 മത്സ്യ വിൽപ്പനയ്ക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും - ഗുണഭോക്താവ് സ്വന്തം പേരിൽ വാഹനം രജിസ്റ്റർ ചെയ്തില്ല

മത്സ്യ വിൽപ്പനയ്ക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും വാങ്ങുന്നതിനായി 16 ഗുണഭോക്താക്കൾക്ക് 30,000/- രൂപ വീതം അനുവദിക്കുന്നതിനായി 4,80,000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 28500/- വാഹനത്തിനും 1500/- ഐസ് ബോക്സിനുമുള്ള സബ്സിഡിയുമാണ്. പ്രോജക്ടിന്റെ ഗുണഭോക്താവായ ശ്രീ.കമലൻ, പുളിംപറമ്പ് എന്നയാൾ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, സ്വയം തൊഴിലിനായി അനുവദിച്ച വാഹനം ടിയാന്റെ മകനായ വിഷ്ണുവിന്റെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഗ്രാമസഭ മുഖേന സ്വയം തൊഴിലിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവ് സബ്സിഡി തുക ഉപയോഗിച്ച് വാങ്ങുന്ന വാഹനം സ്വന്തം പേരിലാണ് വാങ്ങുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുമായി ചമച്ച കരാറിന് വിരുദ്ധമായി മകന്റെ പേരിൽ വാഹനം വാങ്ങിയ ഗുണഭോക്താവിന് സബ്സിഡി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 32/15.9.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമസഭ മുഖേന സ്വയം തൊഴിലിനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ.കമലൻ, പുളിംപറമ്പ് എന്നയാളുടെ പേരിലേയ്ക്ക് വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 തെരുവ് വിളക്കുകളുടെ എ.എം.സി - പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവ് വിളക്കുകളുടെ

എ.എം.സി (പ്രോ.നം 169/23) എന്ന പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 16,66,534/- രൂപ പിൻവലിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിന് നൽകിയിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിന്റെ 17/06/2022ലെ പ്രൊഫോർമ ഇൻവോയ്സ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും യുണൈറ്റഡ് ഇലക്ട്രിക്കൽസ് അസി.മാനേജരും (മാർക്കറ്റിംഗ്) തമ്മിൽ 8/7/2022ൽ ഏർപ്പെട്ട എഗ്രിമെന്റ് എന്നിവ പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള 4268 എണ്ണം 24W എൽ.ഇ.ഡി ലൈറ്റുകളുടെ ഒരു വർഷത്തെ (08/07/2022 മുതൽ 07/08/2023 വരെ) പരിപാലനത്തിന് 25,00,000/- രൂപ നാല് ഗഡുക്കളായി യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിന് നൽകേണ്ടതാണ്.

ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൃത്യമായ രേഖകളില്ലാതെ എഗ്രിമെന്റിൽ പരാമർശിച്ചിട്ടുള്ള 24W എൽ.ഇ.ഡി ലൈറ്റുകളുടെ എണ്ണം (4268) കണക്കാക്കിയത് എപ്രകാരമാണെന്നതിന് മറുപടി ലഭ്യമാക്കിയില്ല.

2) കരാർ പ്രകാരം 4268 എണ്ണം 24W എൽ.ഇ.ഡി ലൈറ്റുകളുടെ വാർഷിക പരിപാലനത്തിനായി നൽകേണ്ട 25,00,000/- രൂപയിൽ 03/23 വരെ 16,66,534/- രൂപ തൻവർഷത്തെ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എഗ്രിമെന്റ് കാലാവധി 07/08/2023ലാണ് അവസാനിക്കുന്നത്. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിന്റെ 17/06/2022ലെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് 4268 എണ്ണം 24W എൽ.ഇ.ഡി ലൈറ്റുകളുടെ വാർഷിക പരിപാലനത്തിനായി 25,00,000/- നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി ടെണ്ടർ കൂടാതെ ഏറ്റെടുക്കുവാൻ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിന് ചുമതലപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. തെരുവ് വിളക്ക് ഉപകരണങ്ങൾ മാത്രമാണ് ടെണ്ടർ കൂടാതെ ടി സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുവാൻ സർക്കാർ അനുമതിയുള്ളത്.

3) യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിന്റേതായി ഫയലിൽ ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റിൽ 2346 ലൈറ്റുകൾ റിപ്പയർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഡ് മെമ്പർമാർ നൽകിയിട്ടുള്ള സാക്ഷ്യപത്രങ്ങളിൽ റിപ്പയർ നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. വിവിധ വാർഡുകളിലെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ടെന്ന് മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

5) സ്ട്രീറ്റ് ലൈറ്റ് എ.എം.സി കരാർ ഏറ്റെടുത്തിട്ടുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിന്റെ സേവനം തൃപ്തികരമല്ലെന്നും ഗുണനിലവാരമില്ലാത്ത ലൈറ്റുകളാണ് സ്ഥാപിച്ചിരിക്കുന്നതെന്നും ടി സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുള്ളതാണ് (24/9/23ലെ 10(10) നമ്പർ തീരുമാനം).

ഗ്രാമപഞ്ചായത്ത് പരിധിയിൽ 4268 എണ്ണം 24W എൽ.ഇ.ഡി ലൈറ്റുകൾ ഉള്ളതായി എങ്ങനെ കണക്കാക്കിയെന്നും ഇവയുടെ വാർഷിക പരിപാലനത്തിന് 25,00,000/- രൂപ ചെലവ് കണക്കാക്കിയത് എപ്രകാരമാണെന്നുമുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം 12/13.9.23) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിന്റെ സേവനം തൃപ്തികരമല്ലെന്നും ഗുണനിലവാരമില്ലാത്ത ലൈറ്റുകളാണ് സ്ഥാപിച്ചിരിക്കുന്നതെന്നും ടി സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്മേൽ തുടർനടപടി സ്വീകരിച്ചതായും രേഖയില്ല. ഇതിൽ നിന്നും മേൽ പ്രോജക്ട് ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിട്ടറിംഗിലും സുതാര്യതയില്ലായെന്ന് വ്യക്തമാണ്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗം നടന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

1-30 ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സിയ്ക്ക് കൺസൾട്ടൻസി ഫീസ് നൽകൽ -

അപാകതകൾ

കോവിഡ് മഹാമാരിയുടെ ആഘാതം മൂലം നിലച്ചുപോയ ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടാണ് "ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സിയ്ക്ക് കൺസൾട്ടൻസി ഫീസ് നൽകൽ (പ്രോ.നം 12/23). ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/3/2023ലെ 331/5/2019/ എസ്.എം ഉത്തരവ് അനുസരിച്ച് ഹരിത സഹായ സ്ഥാപനത്തിന് നൽകേണ്ട പ്രതിമാസ തുക 25424/- രൂപയാണ്. ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റിലേർപ്പെട്ട് പ്രവർത്തിക്കുന്ന ഹരിത സഹായ സ്ഥാപനം എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുമ്പ് പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തദ്ദേശ സ്ഥാപനത്തിനും ശുചിത്വ മിഷനും നൽകേണ്ടതാണെന്നും മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പാലക്കാട് ഐ.ആർ.ടി.സിയും ഗ്രാമപഞ്ചായത്തുമായി 10/05/2022ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും കൺസൾട്ടൻസി സേവനം ലഭ്യമാക്കുകയും ചെയ്തുവരുന്നു.

ഫയൽ പരിശോധിച്ചതിൽ, ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

സേവനം ലഭിക്കുന്നതിന് മുമ്പ് തുക നൽകി

ഒരു വർഷത്തേയ്ക്ക് കണ്ടസൾട്ടൻസി സേവനം നൽകുന്നതിനാണ് ഐ.ആർ.ടി.സിയുമായി കരാർ ചമച്ചിട്ടുള്ളത്. കരാർ അനുസരിച്ച് ഓരോ മാസത്തേയും പ്രവർത്തന റിപ്പോർച്ച് ലഭ്യമാക്കിയതിന് ശേഷമാണ് കൺസൾട്ടൻസി ഫീസ് നൽകേണ്ടത്. ഇതനുസരിച്ച് പതിനൊന്നാം മാസത്തെ ഫീസ് നൽകേണ്ടത് 12/4/2023ന് ശേഷമാണ്. എന്നാൽ ഇത് ഉൾപ്പെടെയുള്ള മൂന്ന് മാസത്തെ തുക 14/3/2023ൽ തന്നെ ബിൽ പ്രകാരം പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 3/2023 വരെയുള്ള പ്രവർത്തന റിപ്പോർട്ട് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സേവനം ലഭിക്കുന്നതിന് മുമ്പ് ഫീസ് നൽകിയതിന്റെ കാരണം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 13/13.9.23) മറുപടി ലഭ്യമാക്കിയില്ല. ഏപ്രിൽ മാസത്തെ പ്രവർത്തന റിപ്പോർട്ട് ഹാജരാക്കാത്ത സ്ഥാപനത്തിന് മുൻകൂർ തുക നൽകിയ നടപടി ക്രമവിരുദ്ധമാണ്. 4/2023ലെ പ്രവർത്തന റിപ്പോർട്ട് ഹാജരാക്കുന്നതുവരെ മുൻകൂർ നൽകിയ 25424/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും - അപാകത

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടുകളിൽ അപാകതയുള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

I)പ്രോജക്ട് നം - S 0243/23

പ്രോജക്റ്റിന്റെപേര് - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും

വകയിരുത്തൽ

വികസനഫണ്ട് (ടി.എസ്.പി) - 57500/-

അരൂർ ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1 മുതൽ 10 വരെ ക്ളാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് തയ്യാറാക്കിയ പദ്ധതി.

ആർട്ട് കോ ലിമിറ്റഡ്, ചെങ്ങന്നൂർ നിന്നും 28.01.23 ലെ ALP 464 നമ്പർ ബില്ല് പ്രകാരം മേശ, കസേര എന്നിവ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Item | Qty | Rate | Amount | CGST | SGST | Total |
|---|---|---|---|---|---|---|
| Single Draw Table | 10 | 3373 | 33730 | 3035.70 | 3035.70 | 39801.40 |
| Armless Chair | 10 | 1500 | 15000 | 1350 | 1350 | 17700 |
| TOTAL | | | 48730 | 4385.70 | 4385.70 | 57501.40 |

ബിൽ നമ്പർ 9/22-23/31.01.23 പ്രകാരം ആർട് കോ ലിമിറ്റഡിന് 57500/-രൂപ നൽകി. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി.28.05.22 ലെ സബ്സിഡി മാർഗ്ഗരേഖ 7.2.6 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചർ നൽകേണ്ടത്. ഗുണഭോക്തൃലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം.

10 വിദ്യാർത്ഥികളുടെ അപേക്ഷകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടുണ്ട്. ഫയലിൽ താഴെ ചേർക്കുന്ന രേഖകൾ ഇല്ല.

1) വാർഡ് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്.

2) മേശ, കസേര എന്നിവയുടെ വിതരണ രേഖകൾ.

II)പ്രോജക്ട് നം - S 0247/23

പ്രോജക്ടിന്റെപേര് - സ്കൂൾ കുട്ടികൾക്ക് പഠനോപകരണ വിതരണം (എസ്.ടി)

വകയിരുത്തൽ

വികസനഫണ്ട് (ടി.എസ്.പി) - 18250/-

അരൂർ ഗ്രാമ പഞ്ചായത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 10 വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകുന്നതിന് തയ്യാറാക്കിയ പദ്ധതി.

കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച ചോയിസ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും 09.01.23 ൽ 168 നം. ബില്ല് പ്രകാരം പഠനോപകരണം വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| School Bag | 2 | 925 | 1850 |
| School Bag | 2 | 900 | 1800 |
| School Bag | 6 | 800 | 4800 |
| Umbrella | 10 | 420 | 4200 |
| Notebook | 88 | 40 | 3520 |
| Instrument Box | 4 | 130 | 520 |
| Pen | 100 | 7 | 700 |
| Pencil | 100 | 6 | 600 |
| Rubber | 32 | 5 | 160 |
| Cutter | 20 | 5 | 100 |
| TOTAL | | | 18250 |

സ്ഥാപനത്തിന് 18250/-രൂപ നൽകി(ബിൽ നം.15/22-23 തീയതി.17.03.23).

10 വിദ്യാർത്ഥികളുടെ അപേക്ഷകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടുണ്ട്. ഫയലിൽ താഴെ ചേർക്കുന്ന രേഖകൾ ഇല്ല.

1) അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഇല്ല.

2) പഠനോപകരണങ്ങളുടെ വിതരണ വിവരം ഇല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/12.09.23) മറുപടി ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമ നം.1 ലെ ചെലവ് തുക. 57500/-, ക്രമ നം.2 ലെ ചെലവ് തുക 18250/- ഒട്ടാകെ 75750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

1-32 ബിറ്റുമിൻ ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18%ജി.എസ്.ടി ഉൾപ്പെടെ 281രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടിയിനത്തിൽ ഒടുക്കേണ്ട തുക | സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക | ബിൽ നമ്പർ, തിയതി |
|---|---|---|---|---|---|---|---|
| 1 | 133/23) എം.എൽ.എ റോഡ് പുനരുദ്ധാരണം | ടി.ജെ.ജോബ് (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 20 ബാരൽ | 5620 | 860 | 5620 | 77/ 11.7.22, |
| 2 | 131/23, ശ്മശാനം ചാക്യാമുറി റോഡ് പുനരുദ്ധാരണം | റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 25 ബാരൽ | 7025 | 1075 | 7025 | 13/ 4.11.22 |
| 3 | 115/23 ചേട്ടുതറ മസ്ജിദ് റോഡ് പുനരുദ്ധാരണം | പി.എസ്.സുനിൽകുമാർ റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 20 ബാരൽ | 5620 | 860 | 5620 | 9/ 16.9.22, |
| 4 | 124/23 മയൂരം, ഇല്ലത്തുപടി റോഡ് പുനരുദ്ധാരണം | എം.സി.കര്യാക്കോസ് (മെയിന്റനൻസ് ഗ്രാന്റ്) | 24 ബാരൽ | 6744 | 1032 | 6744 | 6/ 28.6.22 598972 |
| 5 | 122/23 അമ്മനേഴത്ത് തൊഴുത്തുങ്കൽ റോഡ് പുനരുദ്ധാരണം | പി.എസ്.സുനിൽകുമാർ (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 18 ബാരൽ | 5058 | 774 | 5058 | 9/ 16.9.22 208644 |
| 6 | 118/23 കാട്ടുവിടാമൂല ഉമ്പുംകടവ് റോഡ് ടാറിംഗ് | പി.എസ്.സുനിൽകുമാർ (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 24 ബാരൽ | 6744 | 1032 | 6744 | 8/ 16.9.22 192297 |
| 7 | 121/23 കെൽട്രോൺ സുബ്രഹ്മണ്യ ലിങ്ക് റോഡ്-വിജയാമ്പിക ലിങ്ക് റോഡ് ടാറിംഗ് | എം.സി.കര്യാക്കോസ് (മെയിന്റനൻസ് ഗ്രാന്റ്) | 26 ബാരൽ | 7306 | 1118 | 7306 | 5/ 28.6.22 544957 |
| | ആകെ | | | | | 44117 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/14.9.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കാലിവീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിലേക്ക് തന്നെ തിരിച്ചടക്കേണ്ടതും ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്.

## 1-33 കോമ്പൗണ്ട് വാൾ നിർമ്മാണം - എർത്ത് വർക്ക് എസ്കവേഷനം പി.സി.സി

കോൺക്രീറ്റിംഗിന്റെ അളവും തമ്മിൽ വ്യത്യാസം

കോമ്പൗണ്ട് വാൾ നിർമ്മാണം - എർത്ത് വർക്ക് എസ്കവേഷനും പി.സി.സി കോൺക്രീറ്റിംഗിന്റെ അളവും തമ്മിൽ വ്യത്യാസം

പ്രോജക്ട് നമ്പർ- S0130/23 (279/22)

കോമ്പൗണ്ട് വാൾ & ട്രസ്സ് വർക്ക് പകൽവീട്

അടങ്കൽ 12,00,000/- തനത് -915176, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം -284,824

കരാറുകാരൻ - ടി.ജെ. വർഗ്ഗീസ്, എഗ്രിമെന്റ് നമ്പർ- 56/AE/27.1.22, പൂർത്തീകരണ കാലയളവ് 4 മാസം

ബിൽ നമ്പർ - 36/31.3.23, 746614, അളവ് പുസ്തകം-56/21-22

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അപ്പന്റിക്സ് 2 കോമ്പൗണ്ട് വാൾ നിർമ്മാണത്തിനായി രണ്ടാമിനമായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| ഇനം 2 | (ബാക്ക് സൈഡ്) എർത്ത് വർക്ക് എസ്കവേഷൻ | 1x15.30x0.40x0.40 =2.448$m^3$ |
| ഇനം 3 | പ്രൊവൈഡിംഗ് & ലെയിംഗ് സി.സി 1:4:8 | 1x15.30x0.70x0.10 =1.071$m^3$ |
| ഇനം 6 | RRമേസണറി ഫൗണ്ടേഷൻ | 1x15.30x0.55x0.60 =5.049$m^3$ |
| | ബേസ്മെന്റ് | 1x15.30x0.45x0.30 =2.066$m^3$ |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം എർത്ത് വർക്ക് എസ്കവേഷൻ ചെയ്തതിനേക്കാൾ കൂടുതൽ വീതിയിൽ ഇനം 3, 6 എന്നിവ ചെയ്തിട്ടുള്ളതായി കാണുന്നു. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കോമ്പൗണ്ട് വാൾ (ബാക്ക് സൈഡ്) എർത്ത് വർക്ക് എസ്കവേഷൻ ചെയ്തിട്ടുള്ള അളവ് അനുസരിച്ച് മൂന്നാമിനമായ പ്രൊവൈഡിംഗ് & ലെയിംഗ് സി.സി 1:4:8, ആറാമിനമായ RRമേസണറി ഫൗണ്ടേഷൻ എന്നിവ ചെയ്യാവുന്ന അളവ് ചുവടെ ചേർക്കുന്നു.

| ഇനം | | ചെയ്ത അളവ് | നൽകിയ തുക | ചെയ്യാവുന്ന അളവ് | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ഇനം 3 | പ്രൊവൈഡിംഗ് & ലെയിംഗ് സി.സി 1:4:8 | 1x15.30x0.70x0.10 =1.071$m^3$ | 1.071$m^3$x @7113.41/$m^3$ =7618 | 1x15.30x0.40x0.10 =0.612$m^3$ | 0.612$m^3$ X@7113.41/$m^3$ =4353 | 3265 |
| ഇനം 6 | RR മേസണറി ഫൗണ്ടേഷൻ | 1x15.30x0.55x0.60 =5.049$m^3$ | 7.115$m^3$x 7520.41/$m^3$ = 53508 | 1x15.30x0.40x0.60 =3.672$m^3$ | 5.279$m^3$x 7520.41/$m^3$ =39700/- | 13808 |
| | ബേസ്മെന്റ് | 1x15.30x0.45x0.30 =2.066$m^3$ | | 1x15.30x0.35x0.30 =1.607$m^3$ | | |
| ആകെ | | | 61126 | | 44053 | 17073 +12% GST = 19122/- |

മേൽ സൂചിപ്പിച്ച വിധം ആകെ അധികം നൽകിയ 19122/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/14.9.23) മറുപടി ലഭ്യമാക്കിയില്ല.

1-34 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1. 17-ാം വാർഡിൽ ദുർബല വിഭാഗങ്ങളുടെ ഭൂമിയിൽ വൃക്ഷത്തൈ നടീൽ

അടങ്കൽ- 413726, ആകെ തൊഴിൽ ദിനങ്ങൾ- 1362

വർക്ക് കോഡ്-IF/578386, അളവ് പുസ്തകം- 10/22-23

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി സർഫസ് ഡ്രെസ്സിംഗ് 124x1x40.47 = 5018.28$m^2$ ചെയ്തതിന് 29.187/$m^2$ നിരക്കിൽ 146468.53രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരവും അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരവും വാർഡ് 17ലെ 124 വീടുകളിലായി ആകെ 200 വൃക്ഷത്തൈകളാണ് നട്ടിട്ടുള്ളത്. വൃക്ഷത്തൈകൾ നടുന്നതിനായി രണ്ടാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 200x0.50x0.50x0.50 അളവിൽ 25$m^3$ ചെയ്തിട്ടുണ്ട്. ഒരു വൃക്ഷത്തൈക്ക് 0.75mx0.75m (ഫെൻസിംഗ് ചെയ്ത അളവ്) അളവിൽ ഫെൻസിംഗ് ഉൾപ്പെടെ 200 വൃക്ഷത്തൈകൾക്കായി 200x0.75mx0.75m =112.5$m^2$ മാത്രം സർഫസ് ഡ്രെസ്സിംഗ് നടത്തിയാൽ മതിയെന്നിരിക്കെ, വൃക്ഷത്തൈകൾ വെച്ച 124 വീടുകളിലുമായി ആകെ 1x40.47x124=5018.28$m^2$ സർഫസ് ഡ്രെസ്സിംഗ് നടത്തിയിട്ടുള്ളതായി കാണുന്നു.

അതുപോലെ മൂന്നാമിനമായി “Labour Engaged For Carrying Water From Nearest Available Location For Watering The Sapling” എന്നയിനം പ്രവർത്തി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം രണ്ട് വർഷത്തേക്ക് ആവശ്യമായ തൊഴിൽ ദിനം ചുവടെ ചേർക്കുന്നു.

| കാലയളവ് | ദിവസം രണ്ട് തവണ | ദിവസം | തൊഴിൽ ദിനങ്ങൾ | തുക |
|---|---|---|---|---|
| ആദ്യ വർഷം | 2 | 214 | 428 | 686x291 =199626 |
| രണ്ടാം വർഷം | 2 | 129 | 258 | |
| ആകെ | | 343 | 686 | |

അതുപോലെ ആറാമിനമായി “Labour Engaged For Watering, Manuring And Removal Of Weeds Etc.” എന്നയിനം പ്രവൃത്തി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം രണ്ട് വർഷത്തേക്ക് ആവശ്യമായ തഴിൽ ദിനം ചുവടെ ചേർക്കുന്നു.

| കാലയളവ് | തൈകളുടെ എണ്ണം | തവണ | ആകെ തവണ | (0.0019/each) ആവശ്യമായ തൊഴിൽ ദിനം |
|---|---|---|---|---|
| ആദ്യ വർഷം | 200 | 36 | 7200 | 13.68 |
| രണ്ടാം വർഷം | 200 | 21 | 4200 | 7.98 |
| ആകെ | | 57 | 11400 Each | 21.66 |

മസ്റ്റർ റോൾ പ്രകാരം ഈ പ്രവർത്തി 4.7.22ൽ ആരംഭിച്ച് 31.10.22ൽ അവസാനിച്ചു. അതായത് 4 മാസം കൊണ്ട് പ്രവർത്തി പൂർത്തിയാക്കി. എന്നാൽ ഇതിനനുസരിച്ച് മൂന്നാമിനത്തിന്റേയും ആറാമിനത്തിന്റേയും തൊഴിൽ ദിനങ്ങൾ പരിമിതപ്പെടുത്തിയിട്ടില്ല. ഒന്നാമിനമായ സർഫസ് ഡ്രെസ്സിംഗിന്റേയും ആകെ പ്രവർത്തി ചെയ്ത 4 മാസക്കാലയളവിലേക്ക് മൂന്നും ആറും ഇനങ്ങൾ പരിമിതപ്പെടുത്തുമ്പോൾ ആവശ്യമായി വരുന്ന തൊഴിൽ ദിനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു.

A.

| സർഫസ് ഡ്രെസ്സിംഗ് | ചെയ്ത അളവ് | നൽകിയ തുക @29.187/$m^2$ | 200തൈകൾ നടുന്നതിന് ആവശ്യമായ അളവ് | നൽകാവുന്ന തുക @29.187/$m^2$ | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഇനം 1 | 124x1x40.47 = 5018.28$m^2$ | 146468 | 200x0.75mx0.75m =112.5$m^2$ | 3284 | 143184 |

B.

| ഇനം | കാലയളവ് | ദിവസം രണ്ട് തവണ | ദിവസം | തൊഴിൽ ദിനങ്ങൾ | നൽകിയ തുക | 4 മാസത്തേക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ | നൽകാവുന്ന തുക @291 | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 3, "Labour Engaged For Carrying Water From Nearest Available Location For Watering The Sapling" | ആദ്യ വർഷം | 2 | 214 | 428 | 686x @291 = 199626 | (428/12) X4 = 143 | 229x291 =66639 | 132987 |
| | രണ്ടാം വർഷം | 2 | 129 | 258 | | (258/12) X4 = 86 | | |
| | രണ്ട് വർഷത്തേക്ക് ആകെ | | | 686 | | 229 | | |
| 6, "Labour Engaged For Watering, Manuring And Removal Of Weeds Etc." | ആദ്യ വർഷം | 200 | 36 | 7200 Each | 11400x 0.565each =6441 | (200x36)/ 12x4 =2400each | 2400 Eachx 0.565 = 1356 | 4294 |
| | രണ്ടാം വർഷം | 200 | 21 | 4200 Each | | (200x21)/ 12x4 =1400each | 1400eachx 0.565 = 791 | |
| | രണ്ട് വർഷത്തേക്ക് ആകെ | | | 11400 Each | | 3800 Each | 2147 | |
| | ആകെ അധികം നൽകിയ തുക | | | | | | | 137281 |

ഈ പ്രവർത്തിക്ക് മേൽ സൂചിപ്പിച്ച വിധം ആകെ (143184 + 137281), 280465/- രൂപ അധികം നൽകിയിട്ടുണ്ട്.

2. <u>20-ാം വാർഡിൽ ദുർബല വിഭാഗങ്ങളുടെ ഭൂമിയിൽ വൃക്ഷത്തൈ നടീൽ</u>

അടങ്കൽ- 408023,

വർക്ക് കോഡ്-IF/578391, അളവ് പുസ്തകം- 19/22-23

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി സർഫസ് ഡ്രെസ്സിംഗ് 129x1x40.47 = 5220.63m$^2$ ചെയ്തതിന് 29.187/m$^2$ നിരക്കിൽ 152374.52രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരവും അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരവും വാർഡ് 20ലെ 129 വീടുകളിലായി ആകെ 200 വൃക്ഷത്തൈകളാണ് നട്ടിട്ടുള്ളത്. വൃക്ഷത്തൈകൾ നടുന്നതിനായി രണ്ടാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 200x 0.50x0.50x0.50 അളവിൽ 25m$^3$ ചെയ്തിട്ടുണ്ട്. ഒരു വൃക്ഷത്തൈക്ക് 0.75mx0.75m (ഫെൻസിംഗ് ചെയ്ത അളവ്) അളവിൽ ഫെൻസിംഗ് ഉൾപ്പെടെ 200വൃക്ഷത്തൈകൾക്കായി 200x0.75mx0.75m =112.5m$^2$ മാത്രം സർഫസ് ഡ്രെസ്സിംഗ് നടത്തിയാൽ മതിയെന്നിരിക്കെ, വൃക്ഷത്തൈകൾ വെച്ച 129 വീടുകളിലുമായി ആകെ 1x40.47x129=5220.63m$^2$ സർഫസ് ഡ്രെസ്സിംഗ് നടത്തിയിട്ടുണ്ട്. ഈ പ്രവർത്തിയുടെ ഫയൽ പ്രകാരം 20.7.22 ൽ ആരംഭിച്ച് 22.10.22ൽ അവസാനിച്ചു. അതായത് മൂന്ന് മാസം കൊണ്ട് പ്രവർത്തി പൂർത്തിയായി. എന്നാൽ മേൽ പ്രവർത്തിയിൽ സൂചിപ്പിച്ചിട്ടുള്ള വിധം തൈകളുടെ പരിപാലനത്തിന് രണ്ട് വർഷത്തേക്ക് ആവശ്യമായ തൊഴിൽ ദിനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ മൂന്ന് മാസം കൊണ്ട് പ്രവർത്തി അവസാനിച്ചെങ്കിലും അതിനനുസരിച്ച് തൊഴിൽ ദിനങ്ങൾ പരിമിതപ്പെടുത്താതെ മൂല്യ നിർണ്ണയം നടത്തി തുക ചെലവഴിച്ചിട്ടുണ്ട്.

അതുപോലെ മൂന്നാമിനമായി “Labour Engaged For Carrying Water From Nearest Available Location For Watering The Sapling” എന്നയിനം പ്രവർത്തി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം രണ്ട് വർഷത്തേക്ക് ആവശ്യമായ തഴിൽ ദിനം ചുവടെ ചേർക്കുന്നു.

| കാലയളവ് | ദിവസം രണ്ട് തവണ | ദിവസം | തൊഴിൽ ദിനങ്ങൾ | തുക |
|---|---|---|---|---|
| ആദ്യ വർഷം | 2 | 214 | 428 | 686x 291 = 199626 |
| രണ്ടാം വർഷം | 2 | 129 | 258 | |
| ആകെ | | 343 | 686 | |

അതുപോലെ ആറാമിനമായി “Labour Engaged For Watering, Manuring And Removal Of Weeds Etc.” എന്നയിനം പ്രവർത്തി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം രണ്ട് വർഷത്തേക്ക് ആവശ്യമായ തഴിൽ ദിനം ചുവടെ ചേർക്കുന്നു.

| കാലയളവ് | തൈകളുടെ എണ്ണം | തവണ | ആകെ തവണ | (0.0019/each) ആവശ്യമായ തൊഴിൽ ദിനം |
|---|---|---|---|---|
| ആദ്യ വർഷം | 200 | 36 | 7200 | 13.68 |
| രണ്ടാം വർഷം | 200 | 21 | 4200 | 7.98 |

| | | | | |
|---|---|---|---|---|
| ആകെ | | 57 | 11400 Each | 21.66 |

ഈ പ്രവർത്തിയുടെ ഫയൽ പ്രകാരം 20.7.22 ൽ ആരംഭിച്ച് 22.10.22ൽ അവസാനിച്ചു. അതായത് 3 മാസം കൊണ്ട് പ്രവർത്തി പൂർത്തിയാക്കി. എന്നാൽ ഇതിനനുസരിച്ച് മൂന്നാമിനത്തിന്റേയും ആറാമിനത്തിന്റേയും തൊഴിൽ ദിനങ്ങൾ പരിമിതപ്പെടുത്തിയിട്ടില്ല. ഒന്നാമിനമായ സർഫസ് ഡ്രെസ്സിംഗിന്റേയും ആകെ പ്രവർത്തി ചെയ്ത 3 മാസക്കാലയളവിലേക്ക് മൂന്നും ആറും ഇനങ്ങൾ പരിമിതപ്പെടുത്തുമ്പോൾ ആവശ്യമായി വരുന്ന തൊഴിൽ ദിനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു.

A.

| സർഫസ് ഡ്രെസ്സിംഗ് | ചെയ്ത അളവ് | നൽകിയ തുക @29.187/$m^2$ | 200തൈകൾ നടുന്നതിന് ആവശ്യമായ അളവ് | നൽകാവുന്ന തുക @29.187/$m^2$ | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഇനം 1 | 129x1x40.47 = 5220.63$m^2$ | 152374 | 200x0.75mx0.75m =112.5$m^2$ | 3284 | 149090 |

B.

| ഇനം | കാലയളവ് | ദിവസം രണ്ട് തവണ | ദിവസം | തൊഴിൽ ദിനങ്ങൾ | നൽകിയ തുക | 4 മാസത്തേക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ | നൽകാവുന്ന തുക @291 | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 3, “Labour Engaged For Carrying Water From Nearest Available Location For Watering The Sapling” | ആദ്യ വർഷം | 2 | 214 | 428 | 686x @291 = 199626 | (428/12) X3 = 107 | 172x291 =50052 | 149574 |
| | രണ്ടാം വർഷം | 2 | 129 | 258 | | (258/12) X3 = 65 | | |
| | രണ്ട് വർഷത്തേക്ക് ആകെ | | | 686 | | 172 | | |
| 6, “Labour Engaged For Watering, Manuring | ആദ്യ വർഷം | 200 | 36 | 7200 Each | 11400x 0.565 Each =6441 | (200x36)/ 12x3 =1800 Each | 1800 Eachx 0.565 = 1017 | 4831 |
| | രണ്ടാം വർഷം | 200 | 21 | 4200 Each | | (200x21)/ 12x3 =1050each | 1050 Eachx 0.565 = 593 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| And Removal Of Weeds Etc.” | | | | | | | | |
| | രണ്ട് വർഷത്തേക്ക് ആകെ | | | 11400 Each | | 2850 Each | 1610 | |
| | ആകെ അധികം നൽകിയ തുക | | | | | | | 154405 |

ഈ പ്രവർത്തിക്ക് മേൽ സൂചിപ്പിച്ച വിധം ആകെ (149090+154405), 303495/- രൂപ അധികം നൽകിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (29.15.9.23) ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവർത്തിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ കൊടുക്കുന്നതിനായിട്ട് ചെയ്ത് പോയതാണെന്നും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്ക് വരുന്ന തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ കൊടുക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം അധിക തൊഴിൽ ദിനങ്ങൾ കുറവ് ചെയ്യാതിരുന്നതെന്ന് പറഞ്ഞിരിക്കുന്നു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ സൂചിപ്പിച്ച രണ്ട് പ്രവർത്തികൾക്കുമായി ആകെ (280465+ 303495), 5,83,960/-രൂപ അധികം നൽകിയിട്ടുണ്ട്.

## 1-35 കരുത്തൻതറ കാന പൂർത്തീകരണം - അപാകതകൾ

പ്രോജക്ട് നമ്പർ- 142/23 (311/22)

അടങ്കൽ 10,00,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ് - 45000, തനത് ഫണ്ട്-955000

കരാറുകാരൻ - അഗസ്റ്റിൻ ഡിക്സൺ

ബിൽ നമ്പർ - 7/16.9.22 , 395720/-, അളവ് പുസ്തകം-5/21-22

പി.എ.സി- 890525/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി കാന നിർമ്മാണത്തിനായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| എർത്ത് വർക്ക് എസ്കവേഷൻ | 23.4x1x0.7=16.38 | ഇതേ അളവിൽ 0.10മീറ്റർ കനത്തിൽ രണ്ടാമിനമായി 1:3:6 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. |
| | 19x1x0.7= 13.3 | |
| | 13.1x1x0.7= 9.17 | |
| മൂന്നാമിനം സൈഡ് വാൾ | 2x23.4x0.15x0.60 | |
| | 2x19x0.15x0.60 | |
| | 2x13.1x0.15x0.60 | |
| ആറാമിനമായി കാനയുടെ ഉൾവശം പി.സി.സി | 23.4x0.4x0.05 | |
| | 19x0.4x0.05 | |
| | 13.1x0.4x0.05 | |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം കാനയുടെ ഉൾവശത്തെ വീതിയും സൈഡ് വാളിന്റെ വീതിയും ഉൾപ്പെടെ കാനയുട ആകെ വീതി (0.40+2x0.15), 0.70മീറ്റർ മാത്രമാണ്. എന്നാൽ നാലാമിനമായി കവറിംഗ് സ്ലാബ് ഒരു മീറ്റർ വീതിയിൽ ചെയ്തിട്ടുള്ളതായി കാണുന്നു. കാനയുടെ മുകൾ ഭാഗത്തെ ആകെ വീതി 0.70മീറ്റർ മാത്രമായതിനാൽ കവറിംഗ് സ്ലാബിന് ആവശ്യമായ അളവും നിർമ്മിച്ച അളവും ചുവടെ ചേർക്കുന്നു.

| ഇനം | | സ്ലാബ് നിർമ്മിച്ചതിന്റെ അളവ് | അനുവദിച്ച തുക | സ്ലാബ് നിർമ്മിക്കാവുന്ന അളവ് | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|---|
| 4, CC-m20 | സ്ലാബ് | 91x0.60x1x0.15 | $8.406m^3$ X | 91x0.60x0.70x0.15 | $5.85m^3$ X | 22915 |

| | | | | | | |
|---|---|---|---|---|---|---|
| | | $=8.19m^3$ | | $=5.733m^3$ | | |
| | സ്ലൂട്ട് | 24x0.90x0.10x0.10 $=0.216m^3$ | $8965.14/m^3$ =75361/- | 24x0.50x0.10x0.10 $=0.12m^3$ | $8965.14/m^3$ =52446/- | |
| | | ആകെ $=8.406m^3$ | | ആകെ $=5.85m^3$ | | |
| 5, സപ്ലൈയിംഗ് TMT ബാർ | സ്ലാബ് - 10mm | 91x5x2.25x0.617 =631.663kg | 1139.963kg X91835.55/T =104689/- | 91x5x1.65x0.617 =463.213kg | 959.603kg X 91835.55/T = 88126 | 16563 |
| | | 91x14x0.56x0.617 =440.19kg | | 91x14x0.56x0.617 =440.19kg | | |
| | സ്ലൂട്ട് | 24x4x0.80x0.617 =47.38kg | | 24x4x0.60x0.617 =35.54kg | | |
| | | 24x4x0.35x0.617 =20.73kg | | 24x4x0.35x0.617 =20.73kg | | |
| | ആകെ | 1139.963kg | | ആകെ- 959.603kg | | |
| | ആകെ | | 180050 | | 140572 | 39478+ 12% GST (4737) = 44215 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (21/14.9.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

## 1-36 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112-1, 2016-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കിയതായി കാണുന്നില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ച് നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തിയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ | ഈടാക്കിയ ഫൈൻ | കുറവ് | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|---|---|
| 1 | 115/23 ചേട്ടുതറ മസ്ജിദ് റോഡ് പുനരുദ്ധാരണം | പി.എസ്. സുനിൽകുമാർ 938044 | 29.10.21 6 മാസം | 28.4.22 | 26.5.22 | 1 മാസം | 938044x 1% = 9380/- | 00 | 9380/- | 9/ 16.9.22, 1026659/- |
| 2 | 123/23 (67/22) പാലഷെഡ് വട്ടക്കാട് റോഡ് പുനരുദ്ധാരണം | വർഗ്ഗീസ് ടി.ജെ 970900 | 24.2.22 6 മാസം | 23.8.22 | 30.1.23 | 5 മാസം | കാലയളവിന്റെ 50% വരെ (3 മാസം) 3% 970900x 3% =29127 +8738 (9ആഴ്ച @0.9%) | 00 | 37865 | 11/ 16.9.22, Cheque No. 657393/ 11.3.23 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | = 37865 | | | |
| 3 | 124/23 മയൂരം, ഇല്ലത്തുപടി റോഡ് പുനരുദ്ധാരണം | എം.സി. കുര്യാക്കോസ് 858772 | 23.10.21 6 മാസം | 22.4.22 | 15.5.22 | 23 ദിവസം | 858772x 1% = 8588 | 00 | 8588 | 6/ 28.6.22 598972 |
| | ആകെ | | | | | | | | 55833 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (18/14.9.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് പി.ഡബ്ല്യൂ.ഡി മാനുവൽ അനുസരിച്ചുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-37 മാർക്കണ്ഡേഴം റോഡ് പുനരുദ്ധാരണം - അപാകതകൾ

പ്രോജക്ട് നമ്പർ- 132/23 (279/22)

അടങ്കൽ 10,00,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

കരാറുകാരൻ - എം.സി.കുര്യാക്കോസ്,

ബിൽ നമ്പർ - 25/29.3.23 , 998577/-, അളവ് പുസ്തകം-52/21-22

പി.എ.സി- 978318/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ആറാമിനമായി അളവ് പുസ്തകം പുറം 14 പ്രകാരം കാനയുടെ കവർ സ്ലാബ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ഇനം 6 | കവർ സ്ലാബ് | 136x1x0.70x0.15 =14.28m$^3$<br>1x0.70x0.70x0.15 = 0.7035m$^3$ | |
| | | | |
| ഇനം 7 | പ്രൊവൈഡിംഗ് & ഫിറ്റിംഗ് TMT സ്റ്റീൽ ബാർ | 12mm | 136x8x1.49=1621.12x0.888 = 1439.05kg |
| | | 10mm | 136x6x2=1632x0.617 = 1006.94kg |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം 136 മീറ്റർ നീളവും 0.70മീറ്റർ വീതിയുമുള്ള കാനയ്ക്ക് 1മീറ്റർ നീളമുള്ള 136 സ്ലാബുകൾ നിർമ്മിച്ചപ്പോൾ 10mm സ്റ്റീൽ ബാർ 1.90, (0.95x2) മീറ്റർ നീളത്തിൽ കട്ട് ചെയ്യുന്നതിന് പകരം 2 മീറ്റർ നീളത്തിൽ കട്ട് ചെയ്ത് ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. 1x0.70x0.15 എന്ന അളവിലുള്ള 136 കവറിംഗ് സ്ലാബിന് അനുവദനീയമായ സ്റ്റീൽ ബാറിന്റെ അളവ് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഇനം 7 | പ്രൊവൈഡിംഗ് & ഫിറ്റിംഗ് TMT സ്റ്റീൽ ബാർ | 12mm | 136x8x1.49=1621.12x0.888 = 1439.05kg |
| | | 10mm | 136x6x2x0.95=1550.40x0.617 = 956.59kg |
| | | ആകെ | 2395.64kg |

അധികം അനുവദിച്ച സ്റ്റീൽ ബാറിന്റെ അളവ് (2445.99 2395.64), 50.35kg @77044.87/T = 3879/- രൂപയും 18% ജി.എസ്.ടി 698/- രൂപയുമുൾപ്പെടെ കരാറുകാരന് ആകെ അധികം നൽകിയ 4577/-രൂപ തിരികെ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (20/14.9.23) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലൈസൻസ് ഫീ കുറവായി ഈടാക്കി

അരൂർ ഗ്രാമപഞ്ചായത്തിലെ ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകൻ /സ്ഥാപനം | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | 2720 | ഫസീല എന്റർപ്രൈസസ് കോൾഡ് സ്റ്റോർ | 121040500304/ 23.2.22 | 5000 | 1000 | 4000 |
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP /IC-1016/R3/18 പ്രകാരം മൂലധന നിക്ഷേപം 252 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം സ്മോൾ എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 2 | 2654 | സീ ലാബ്, സീ ഫുഡ് പാർക്ക് (ഇന്ത്യ) ലി. | 121040500323/ 25.2.22 | 10000 | 5000 | 5000 |
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP /UCO/539/08/15.10.08 പ്രകാരം മൂലധന നിക്ഷേപം 8.77 കോടി രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 3 | S4-85/22-23-736 | ഫ്രണ്ട്ലൈൻ എക്സ്പോർട്സ് | 122040100179/ 12.4.22 | 10000 | 5000 | 5000 |
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP /IC-218/R-4/18/13.7.18 പ്രകാരം മൂലധന നിക്ഷേപം 798ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 4 | 2529 | സ്സോമാൻ ലോജിസ്റ്റിക്സ് ലി. | 121040107548/ 23.2.22 | 15000 | 10000 | 5000 |
| | | ഉടമയുടെ അപേക്ഷ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/IC-2572/R1/19/08.01.19 പ്രകാരം മൂലധന നിക്ഷേപം 3901.4 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| | | | ആകെ | | | 19000 |

കുറവ് വന്ന 19000/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/11.9.23) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 ആംബുലൻസ് - തുക അടവാക്കിയതിലെ അപാകതകൾ

1. ലോഗ് ബുക്ക് പ്രകാരം 27.11.22 ലെ 236-ാം നമ്പർ ഓട്ടത്തിന്റെ തുകയ്ക്ക് രസീത് എഴുതിയിട്ടില്ല.

2. രസീത് നം. 715 (ഓട്ടം നം.275) ന്റെ ഒറിജിനൽ രസീതിൽ 650/- രൂപയാണ് എഴുതിയിട്ടുള്ളത്. എന്നാൽ പകർപ്പിൽ 300/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 300/- രൂപ മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും. (രസീത് നം.1220106514). കുറവായി അടവാക്കിയ തുക ഈടാക്കേണ്ടതു സംബന്ധിച്ചും ഒറിജിനൽ രസീതിലും പകർപ്പിലും വ്യത്യസ്ത തുകകൾ വന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/15.9.23) മറുപടി ലഭ്യമാക്കിയില്ല.

ഒറിജിനൽ രസീതിലും പകർപ്പിലും വ്യത്യസ്ത തുകകൾ വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 മോട്ടോർ റണ്ണിംഗ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു

അരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഡി. & ഒ. ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ യന്ത്രശക്തി ഉപയോഗിക്കുന്ന അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാത്തതായോ കുറവ് ഈടാക്കിയതായോ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ/സ്ഥാപനം | കെട്ടിട നം. (ലൈസൻസ് നം.) | ഉപയോഗിക്കുന്ന എച്ച്.പി. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | സാറാ എന്റർപ്രൈസസ് (F&B Reg.No. APY/01 /627/15 പ്രകാരം 84.38 KW = 113 HP) | 6/551 A (2203) | 113 | 2000 | 1000 | 1000 |
| 2 | സാറാ എന്റർപ്രൈസസ് (F&B Reg.No. APY/01 /627/15 പ്രകാരം 84.38 KW = 113 HP) | 6/550 (2204) | 113 | 2000 | 1000 | 1000 |
| 3 | ക്ലാസിക് പെയിന്റ്സ് (F&B - APY/01/448/2004 /2.11.21 പ്രകാരം 117.31 KW = 157 HP) | 22/505(3074) | 157 | 2000 | 1000 | 1000 |
| 4 | പ്രീമിയർ മറൈൻ ഫുഡ്സ് യൂണിറ്റ് - 2 (PCB/ALP /UCO-70/07/24.2.21 പ്രകാരം ഉപയോഗിക്കുന്നത് 1327 HP) | 9/314,315,316 (2330) | 1327 | 13270 | 9000 | 4270 |
| 5 | പ്രീമിയർ എക്സ്പോർട്സ് ഇന്റർനാഷണൽ -സീഫുഡ് സ്റ്റോറേജ് പ്രവർത്തിക്കുന്ന കുതിരശക്തി കാണിച്ചിട്ടില്ല. | 12/325 (2330) | 200 | -- | -- | -- |
| 6 | പ്രീമിയർ എക്സ്പോർട്സ് ഇന്റർനാഷണൽ -ഐസ് | 8/179(2177) | 115 | 2000 | 1250 | 750 |

| | | | | | | |
|---|---|---|---|---|---|---|
| | പ്ലാന്റ് (PCB/ALP/IC-2674 /R3/19/27.2.19 പ്രകാരം 115HP) | | | | | |
| 7 | ഷനാ മറൈൻ പ്രോഡക്ട്സ് (PCB/ALP/01/609 /1992/5.1.19 പ്രകാരം 75 KW = 100HP) | 5/124 (2673) | 100 | 1000 | 500 | 500 |
| 8 | ഫസീല എന്റർപ്രൈസസ്- കോൾഡ് സ്റ്റോർ (F &B- N/APY/01/669/1994 പ്രകാരം 70KW = 93 HP) | 8/204(2720) | 93 | 1000 | -- | 1000 |
| 9 | KM ഫിഷറീസ് (F &B- D05/APY/01/613/15 പ്രകാരം 102.01KW = 136 HP) | 22/544A (2849) | 136 | 2000 | 1000 | 1000 |
| 10 | ഫ്രണ്ട്ലൈൻ എക്സ്പോർട്സ് അപേക്ഷ പ്രകാരം 250 HP | (3948) | 250 | 2500 | 2000 | 500 |
| 11 | സ്നോമാൻ ലോജിസ്റ്റിക്സ് (F &B- D05/APY/01/684 /17/29.12.21 പ്രകാരം 434.45KW = 581 HP) | (2529) | 581 | 5810 | 3000 | 2810 |
| | ആകെ കുറവ് | | | | | 13830 |

ഡി & ഒ. ലൈസൻസിനുള്ള മുൻവർഷത്തെ അപേക്ഷയിൽ ഫ്രണ്ട്ലൈൻ എക്സ്പോർട്സ് പ്രൈ.ലി. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം നം. PCB/ALP/UO-3446/18/9.11.18 പ്രകാരം ഉപയോഗിക്കുന്നത് 1376.5 HP യാണ്. ഈ വർഷം അപേക്ഷ പ്രകാരം 250 HP എന്നാണ് കാണിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ചും കുറവായി ഈടാക്കിയ മോട്ടോർ റണ്ണിംഗ് ഫീസ് 13830/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുവാനുമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/11.9.23) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഫ്രണ്ട്ലൈൻ എക്സ്പോർട്സ് പ്രൈ.ലി. എന്ന സ്ഥാപനത്തിന്റെ മിഷനറി പവർ പരിശോധിച്ച് കുറവു വന്ന തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കുറവ് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാർക്കണ്ഡേഴം റോഡ് പുനരുദ്ധാരണം - അപാകതകൾ

പ്രോജക്ട് നമ്പർ- 132/23 (279/22)

അടങ്കൽ 10,00,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

കരാറുകാരൻ - എം.സി.കുര്യാക്കോസ്,

ബിൽ നമ്പർ - 25/29.3.23 , 998577/-, അളവ് പുസ്തകം-52/21-22

പി.എ.സി- 978318/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ആറാമിനമായി അളവ് പുസ്തകം പുറം 14 പ്രകാരം കാനയുടെ കവർ സ്ലാബ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ഇനം 6 | കവർ സ്ലാബ് | $136x1x0.70x0.15 = 14.28m^3$<br>$1x0.70x0.70x0.15 = 0.7035m^3$ | |
| | | | |
| ഇനം 7 | പ്രൊവൈഡിംഗ് & ഫിറ്റിംഗ് TMT സ്റ്റീൽ ബാർ | 12mm | 136x8x1.49=1621.12x0.888 = 1439.05kg |
| | | 10mm | 136x6x2=1632x0.617 = 1006.94kg |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം 136 മീറ്റർ നീളവും 0.70മീറ്റർ വീതിയുമുള്ള കാനയ്ക്ക് 1മീറ്റർ നീളമുള്ള 136 സ്ലാബുകൾ നിർമ്മിച്ചപ്പോൾ 10mm സ്റ്റീൽ ബാർ 1.90, (0.95x2) മീറ്റർ നീളത്തിൽ കട്ട് ചെയ്യുന്നതിന് പകരം 2 മീറ്റർ നീളത്തിൽ കട്ട് ചെയ്ത് ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. 1x0.70x0.15 എന്ന അളവിലുള്ള 136 കവറിംഗ് സ്ലാബിന് അനുവദനീയമായ സ്റ്റീൽ ബാറിന്റ അളവ് ചുവടെ ചേർക്കുന്നു

| | | | |
|---|---|---|---|
| ഇനം 7 | പ്രൊവൈഡിംഗ് & ഫിറ്റിംഗ് TMT സ്റ്റീൽ ബാർ | 12mm | 136x8x1.49=1621.12x0.888 = 1439.05kg |
| | | 10mm | 136x6x2x0.95=1550.40x0.617= 956.59kg |
| | | ആകെ | 2395.64kg |

അധികം അനുവദിച്ച സ്റ്റീൽ ബാറിന്റെ അളവ് (2445.99 2395.64), 50.35kg @77044.87/T = 3879/- രൂപയും 18% ജി.എസ്.ടി 698/- രൂപയുമുൾപ്പെടെ കരാറുകാരന് ആകെ അധികം നൽകിയ 4577/-രൂപ തിരികെ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( 20/14.9.23) മറുപടി ലഭ്യമാക്കിയില്ല.

## 3-2 കരുത്തൻതറ കാന പൂർത്തീകരണം - അപാകതകൾ

പ്രോജക്ട് നമ്പർ- 142/23 (311/22)

അടങ്കൽ 10,00,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ് - 45000, തനത് ഫണ്ട്-955000

കരാറുകാരൻ - അഗസ്റ്റിൻ ഡിക്സൺ

ബിൽ നമ്പർ - 7/16.9.22, 395720/-, അളവ് പുസ്തകം-5/21-22

പി.എ.സി- 890525/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി കാന നിർമ്മാണത്തിനായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| എർത്ത് വർക്ക് എസ്കവേഷൻ | 23.4x1x0.7=16.38 | ഇതേ അളവിൽ 0.10മീറ്റർ കനത്തിൽ രണ്ടാമിനമായി 1:3:6 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. |
| | 19x1x0.7= 13.3 | |
| | 13.1x1x0.7= 9.17 | |
| മൂന്നാമിനം സൈഡ് | 2x23.4x0.15x0.60 | |

| | | |
|---|---|---|
| | | |
| വാൾ | 2x19x0.15x0.60 | |
| | 2x13.1x0.15x0.60 | |
| ആറാമിനമായി കാനയുടെ ഉൾവശം പി.സി.സി | 23.4x0.4x0.05 | |
| | 19x0.4x0.05 | |
| | 13.1x0.4x0.05 | |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം കാനയുടെ ഉൾവശത്തെ വീതിയും സൈഡ് വാളിന്റെ വീതിയും ഉൾപ്പെടെ കാനയുട ആകെ വീതി (0.40+2x0.15), 0.70മീറ്റർ മാത്രമാണ്. എന്നാൽ നാലാമിനമായി കവറിംഗ് സ്ലാബ് ഒരു മീറ്റർ വീതിയിൽ ചെയ്തിട്ടുള്ളതായി കാണുന്നു. കാനയുടെ മുകൾ ഭാഗത്തെ ആകെ വീതി 0.70മീറ്റർ മാത്രമായതിനാൽ കവറിംഗ് സ്ലാബിന് ആവശ്യമായ അളവും നിർമ്മിച്ച അളവും ചുവടെ ചേർക്കുന്നു.

| ഇനം | | സ്ലാബ് നിർമ്മിച്ചതിന്റെ അളവ് | അനുവദിച്ച തുക | സ്ലാബ് നിർമ്മിക്കാവുന്ന അളവ് | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|---|
| 4, CC-m20 | സ്ലാബ് | 91x0.60x1x0.15 =8.19$m^3$ | 8.406$m^3$ X 8965.14/$m^3$ =75361/- | 91x0.60x0.70x0.15 =5.733$m^3$ | 5.85$m^3$ X 8965.14/m3 =52446/- | 22915 |
| | സ്റ്റട്ട് | 24x0.90x0.10x0.10 =0.216$m^3$ | | 24x0.50x0.10x0.10 =0.12$m^3$ | | |
| | | ആകെ =8.406$m^3$ | | ആകെ =5.85$m^3$ | | |
| 5, സപ്ലൈയിംഗ് TMT ബാർ | സ്ലാബ് - 10mm | 91x5x2.25x0.617 =631.663kg | 1139.963kg X91835.55/T =104689/- | 91x5x1.65x0.617 =463.213kg | 959.603kg X 91835.55/T = 88126 | 16563 |
| | | 91x14x0.56x0.617 =440.19kg | | 91x14x0.56x0.617 =440.19kg | | |
| | സ്റ്റട്ട് | 24x4x0.80x0.617 =47.38kg | | 24x4x0.60x0.617 =35.54kg | | |
| | | 24x4x0.35x0.617 =20.73kg | | 24x4x0.35x0.617 =20.73kg | | |
| | ആകെ | 1139.963kg | | ആകെ- 959.603kg | | |
| | ആകെ | | 180050 | | 140572 | 39478+ 12% GST(4737) = 44215 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (21/14.9.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം കരാറുകാരന് അധികം നൽകിയ 44215/- രൂപ തിരികെ ഈടാക്കി ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

### 3-3 കോമ്പൗണ്ട് വാൾ നിർമ്മാണം - എർത്ത് വർക്ക് എസ്കവേഷനും പി.സി.സി കോൺക്രീറ്റിംഗിന്റെ അളവും തമ്മിൽ വ്യത്യാസം

കോമ്പൗണ്ട് വാൾ നിർമ്മാണം - എർത്ത് വർക്ക് എസ്കവേഷനും പി.സി.സി കോൺക്രീറ്റിംഗിന്റെ അളവും തമ്മിൽ വ്യത്യാസം

പ്രോജക്ട് നമ്പർ- 130/23 (279/22)

കോമ്പൗണ്ട് വാൾ & ട്രസ്സ് വർക്ക് പകൽവീട്

അടങ്കൽ 12,00,000/- തനത് -915176, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം -284,824

കരാറുകാരൻ - ടി.ജെ. വർഗ്ഗീസ്, എഗ്രിമെന്റ് നമ്പർ- 56/AE/27.1.22, പൂർത്തീകരണ കാലയളവ് 4 മാസം

ബിൽ നമ്പർ - 36/31.3.23, 746614, അളവ് പുസ്തകം-56/21-22

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ അപ്പന്റിക്സ് 2 കോമ്പൗണ്ട് വാൾ നിർമ്മാണത്തിനായി രണ്ടാമിനമായി എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| ഇനം 2 | (ബാക്ക് സൈഡ്) എർത്ത് വർക്ക് എസ്കവേഷൻ | 1x15.30x0.40x0.40 =2.448$m^3$ |
| ഇനം 3 | പ്രൊവൈഡിംഗ് & ലെയിംഗ് സി.സി 1:4:8 | 1x15.30x0.70x0.10 =1.071$m^3$ |
| ഇനം 6 | RRമേസണറി ഫൗണ്ടേഷൻ | 1x15.30x0.55x0.60 =5.049$m^3$ |
| | ബേസ്മെന്റ് | 1x15.30x0.45x0.30 =2.066$m^3$ |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം എർത്ത് വർക്ക് എസ്കവേഷൻ ചെയ്തതിനേക്കാൾ കൂടുതൽ വീതിയിൽ ഇനം 3, 6 എന്നിവ ചെയ്തിട്ടുള്ളതായി കാണുന്നു. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കോമ്പൗണ്ട് വാൾ (ബാക്ക് സൈഡ്) എർത്ത് വർക്ക് എസ്കവേഷൻ ചെയ്തിട്ടുള്ള അളവ് അനുസരിച്ച് മൂന്നാമിനമായ പ്രൊവൈഡിംഗ് & ലെയിംഗ് സി.സി 1:4:8, ആറാമിനമായ RRമേസണറി ഫൗണ്ടേഷൻ എന്നിവ ചെയ്യാവുന്ന അളവ് ചുവടെ ചേർക്കുന്നു.

| ഇനം | | ചെയ്ത അളവ് | നൽകിയ തുക | ചെയ്യാവുന്ന അളവ് | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ഇനം 3 | പ്രൊവൈഡിംഗ് & ലെയിംഗ് സി.സി 1:4:8 | 1x15.30x0.70x0.10 =1.071$m^3$ | 1.071$m^3$x @7113.41/$m^3$ =7618 | 1x15.30x0.40x0.10 =0.612$m^3$ | 0.612$m^3$ X@7113.41/$m^3$ =4353 | 3265 |
| ഇനം 6 | RRമേസണറി ഫൗണ്ടേഷൻ | 1x15.30x0.55x0.60 =5.049$m^3$ | 7.115$m^3$ X7520.41/$m^3$ = 53508 | 1x15.30x0.40x0.60 =3.672$m^3$ | 5.279$m^3$ X 7520.41/$m^3$ =39700/- | 13808 |
| | ബേസ്മെന്റ് | 1x15.30x0.45x0.30 =2.066$m^3$ | | 1x15.30x0.35x0.30 =1.607$m^3$ | | |
| ആകെ | | | 61126 | | 44053 | 17073 +12% GST = 19122/- |

മേൽ സൂചിപ്പിച്ച വിധം ആകെ അധികം നൽകിയ 19122/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/14.9.23) മറുപടി ലഭ്യമാക്കിയില്ല.

## 3-4 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1. 17-ാം വാർഡിൽ ദുർബല വിഭാഗങ്ങളുടെ ഭൂമിയിൽ വൃക്ഷത്തൈ നടീൽ

അടങ്കൽ- 413726, ആകെ തൊഴിൽ ദിനങ്ങൾ- 1362

വർക്ക് കോഡ്-IF/578386, അളവ് പുസ്തകം- 10/22-23

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി സർഫസ് ഡ്രെസ്സിംഗ് 124x1x40.47 =

5018.28m$^2$ ചെയ്തതിന് 29.187/m$^2$ നിരക്കിൽ 146468.53രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരവും അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരവും വാർഡ് 17ലെ 124 വീട്ടുകളിലായി ആകെ 200 വൃക്ഷത്തൈകളാണ് നട്ടിട്ടുള്ളത്. വൃക്ഷത്തൈകൾ നടുന്നതിനായി രണ്ടാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 200x 0.50x0.50x0.50 അളവിൽ 25m$^3$ ചെയ്തിട്ടുണ്ട്. ഒരു വൃക്ഷത്തൈക്ക് 0.75mx0.75m (ഫെൻസിംഗ് ചെയ്ത അളവ്) അളവിൽ ഫെൻസിംഗ് ഉൾപ്പെടെ 200വൃക്ഷത്തൈകൾക്കായി 200x0.75mx0.75m =112.5m$^2$ മാത്രം സർഫസ് ഡ്രെസ്സിംഗ് നടത്തിയാൽ മതിയെന്നിരിക്കെ, വൃക്ഷത്തൈകൾ വെച്ച 124 വീട്ടുകളിലുമായി ആകെ 1x40.47x124=5018.28m$^2$ സർഫസ് ഡ്രെസ്സിംഗ് നടത്തിയിട്ടുള്ളതായി കാണുന്നു.

അതുപോലെ മൂന്നാമിനമായി "Labour Engaged For Carrying Water From Nearest Available Location For Watering The Sapling" എന്നയിനം പ്രവർത്തി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം രണ്ട് വർഷത്തേക്ക് ആവശ്യമായ തൊഴിൽ ദിനം ചുവടെ ചേർക്കുന്നു.

| കാലയളവ് | ദിവസം രണ്ട് തവണ | ദിവസം | തൊഴിൽ ദിനങ്ങൾ | തുക |
|---|---|---|---|---|
| ആദ്യ വർഷം | 2 | 214 | 428 | 686x 291 = 199626 |
| രണ്ടാം വർഷം | 2 | 129 | 258 | |
| ആകെ | | 343 | 686 | |

അതുപോലെ ആറാമിനമായി "Labour Engaged For Watering, Manuring And Removal Of Weeds Etc." എന്നയിനം പ്രവർത്തി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം രണ്ട് വർഷത്തേക്ക് ആവശ്യമായ തൊഴിൽ ദിനം ചുവടെ ചേർക്കുന്നു.

| കാലയളവ് | തൈകളുടെ എണ്ണം | തവണ | ആകെ തവണ | (0.0019/each) ആവശ്യമായ തൊഴിൽ ദിനം |
|---|---|---|---|---|
| ആദ്യ വർഷം | 200 | 36 | 7200 | 13.68 |
| രണ്ടാം വർഷം | 200 | 21 | 4200 | 7.98 |
| ആകെ | | 57 | 11400 Each | 21.66 |

മസ്റ്റർ റോൾ പ്രകാരം ഈ പ്രവർത്തി 4.7.22ൽ ആരംഭിച്ച് 31.10.22ൽ അവസാനിച്ചു. അതായത് 4 മാസം കൊണ്ട് പ്രവർത്തി പൂർത്തിയാക്കി. എന്നാൽ ഇതിനനുസരിച്ച് മൂന്നാമിനത്തിന്റേയും ആറാമിനത്തിന്റേയും തൊഴിൽ ദിനങ്ങൾ പരിമിതപ്പെടുത്തിയിട്ടില്ല. ഒന്നാമിനമായ സർഫസ് ഡ്രെസ്സിംഗിന്റേയും ആകെ പ്രവർത്തി ചെയ്ത 4 മാസക്കാലയളവിലേക്ക് മൂന്നും ആറും ഇനങ്ങൾ പരിമിതപ്പെടുത്തുമ്പോൾ ആവശ്യമായി വരുന്ന തൊഴിൽ ദിനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു.

A.

| സർഫസ് ഡ്രെസ്സിംഗ് | ചെയ്ത അളവ് | നൽകിയ തുക | 200തൈകൾ നടുന്നതിന് | നൽകാവുന്ന തുക | അധികം നൽകിയ |
|---|---|---|---|---|---|

| | | @29.187/$m^2$ | ആവശ്യമായ അളവ് | @29.187/$m^2$ | തുക |
|---|---|---|---|---|---|
| ഇനം 1 | 124x1x40.47 = 5018.28$m^2$ | 146468 | 200x0.75mx0.75m =112.5$m^2$ | 3284 | 143184 |

B.

| ഇനം | കാലയളവ് | ദിവസം രണ്ട് തവണ | ദിവസം | തൊഴിൽ ദിനങ്ങൾ | നൽകിയ തുക | 4 മാസത്തേക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ | നൽകാവുന്ന തുക @291 | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 3, "Labour Engaged For Carrying Water From Nearest Available Location For Watering The Sapling" | ആദ്യ വർഷം | 2 | 214 | 428 | 686x @291 = 199626 | (428/12) X4 = 143 | 229x291 =66639 | 132987 |
| | രണ്ടാം വർഷം | 2 | 129 | 258 | | (258/12) X4 = 86 | | |
| | രണ്ട് വർഷത്തേക്ക് ആകെ | | | 686 | | 229 | | |
| 6, "Labour Engaged For Watering, Manuring And Removal Of Weeds Etc." | ആദ്യ വർഷം | 200 | 36 | 7200each | 11400x 0.565each =6441 | (200x36)/12x4 =2400each | 2400 Eachx 0.565= 1356 | 4294 |
| | രണ്ടാം വർഷം | 200 | 21 | 4200each | | (200x21)/12x4 =1400each | 1400 Eachx 0.565= 791 | |
| | രണ്ട് വർഷത്തേക്ക് ആകെ | | | 11400 Each | | 3800 Each | 2147 | |
| | ആകെ അധികം നൽകിയ തുക | | | | | | | 137281 |

ഈ പ്രവർത്തിക്ക് മേൽ സൂചിപ്പിച്ച വിധം ആകെ (143184 + 137281), 280465/- രൂപ അധികം നൽകിയിട്ടുണ്ട്.

2. 20-ം വാർഡിൽ ദുർബല വിഭാഗങ്ങളുടെ ഭൂമിയിൽ വൃക്ഷത്തൈ നടീൽ

അടങ്കൽ- 408023,

വർക്ക് കോഡ്-IF/578391, അളവ് പുസ്തകം- 19/22-23

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി സർഫസ് ഡ്രെസ്സിംഗ് 129x1x40.47 = 5220.63$m^2$ ചെയ്തതിന് 29.187/$m^2$ നിരക്കിൽ 152374.52രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരവും അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരവും വാർഡ് 20ലെ 129 വീടുകളിലായി ആകെ 200 വൃക്ഷത്തൈകളാണ് നട്ടിട്ടുള്ളത്. വൃക്ഷത്തൈകൾ നടുന്നതിനായി രണ്ടാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 200x 0.50x0.50x0.50 അളവിൽ 25$m^3$ ചെയ്തിട്ടുണ്ട്. ഒരു വൃക്ഷത്തൈക്ക് 0.75mx0.75m (ഫെൻസിംഗ് ചെയ്ത അളവ്) അളവിൽ ഫെൻസിംഗ് ഉൾപ്പെടെ 200വൃക്ഷത്തൈകൾക്കായി

200x0.75mx0.75m =112.5$m^2$ മാത്രം സർഫസ് ഡ്രെസ്സിംഗ് നടത്തിയാൽ മതിയെന്നിരിക്കെ, വൃക്ഷത്തൈകൾ വെച്ച 129 വീടുകളിലുമായി ആകെ 1x40.47x129=5220.63$m^2$ സർഫസ് ഡ്രെസ്സിംഗ് നടത്തിയിട്ടുണ്ട്. ഈ പ്രവർത്തിയുടെ ഫയൽ പ്രകാരം 20.7.22 ൽ ആരംഭിച്ച് 22.10.22ൽ അവസാനിച്ചു. അതായത് മൂന്ന് മാസം കൊണ്ട് പ്രവർത്തി പൂർത്തിയായി. എന്നാൽ മേൽ പ്രവർത്തിയിൽ സൂചിപ്പിച്ചിട്ടുള്ള വിധം തൈകളുടെ പരിപാലനത്തിന് രണ്ട് വർഷത്തേക്ക് ആവശ്യമായ തൊഴിൽ ദിനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ മൂന്ന് മാസം കൊണ്ട് പ്രവർത്തി അവസാനിച്ചെങ്കിലും അതിനനുസരിച്ച് തൊഴിൽ ദിനങ്ങൾ പരിമിതപ്പെടുത്താതെ മൂല്യ നിർണ്ണയം നടത്തി തുക ചെലവഴിച്ചിട്ടുണ്ട്.

അതുപോലെ മൂന്നാമിനമായി “Labour Engaged For Carrying Water From Nearest Available Location For Watering The Sapling” എന്നയിനം പ്രവർത്തി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം രണ്ട് വർഷത്തേക്ക് ആവശ്യമായ തഴിൽ ദിനം ചുവടെ ചേർക്കുന്നു.

| കാലയളവ് | ദിവസം രണ്ട് തവണ | ദിവസം | തൊഴിൽ ദിനങ്ങൾ | തുക |
|---|---|---|---|---|
| ആദ്യ വർഷം | 2 | 214 | 428 | 686x 291 = 199626 |
| രണ്ടാം വർഷം | 2 | 129 | 258 | |
| ആകെ | | 343 | 686 | |

അതുപോലെ ആറാമിനമായി “Labour Engaged For Watering, Manuring And Removal Of Weeds Etc.” എന്നയിനം പ്രവർത്തി നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം രണ്ട് വർഷത്തേക്ക് ആവശ്യമായ തഴിൽ ദിനം ചുവടെ ചേർക്കുന്നു.

| കാലയളവ് | തൈകളുടെ എണ്ണം | തവണ | ആകെ തവണ | (0.0019/each) ആവശ്യമായ തൊഴിൽ ദിനം |
|---|---|---|---|---|
| ആദ്യ വർഷം | 200 | 36 | 7200 | 13.68 |
| രണ്ടാം വർഷം | 200 | 21 | 4200 | 7.98 |
| ആകെ | | 57 | 11400 Each | 21.66 |

ഈ പ്രവർത്തിയുടെ ഫയൽ പ്രകാരം 20.7.22 ൽ ആരംഭിച്ച് 22.10.22ൽ അവസാനിച്ചു. അതായത് 3 മാസം കൊണ്ട് പ്രവർത്തി പൂർത്തിയാക്കി. എന്നാൽ ഇതിനനുസരിച്ച് മൂന്നാമിനത്തിന്റേയും ആറാമിനത്തിന്റേയും തൊഴിൽ ദിനങ്ങൾ പരിമിതപ്പെടുത്തിയിട്ടില്ല. ഒന്നാമിനമായ സർഫസ് ഡ്രെസ്സിംഗിന്റേയും ആകെ പ്രവർത്തി ചെയ്ത 3 മാസക്കാലയളവിലേക്ക് മൂന്നും ആറും ഇനങ്ങൾ പരിമിതപ്പെടുത്തുമ്പോൾ ആവശ്യമായി വരുന്ന തൊഴിൽ ദിനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു.

A.

| സർഫസ് ഡ്രെസ്സിംഗ് | ചെയ്ത അളവ് | നൽകിയ തുക @29.187/$m^2$ | 200തൈകൾ നടുന്നതിന് ആവശ്യമായ അളവ് | നൽകാവുന്ന തുക @29.187/$m^2$ | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഇനം 1 | 129x1x40.47 = 5220.63m2 | 152374 | 200x0.75mx0.75m =112.5$m^2$ | 3284 | 149090 |

B.

| ഇനം | കാലയളവ് | ദിവസം രണ്ട് തവണ | ദിവസം | തൊഴിൽ ദിനങ്ങൾ | നൽകിയ തുക | 4 മാസത്തേക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ | നൽകാവുന്ന തുക @291 | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 3, “Labour Engaged For Carrying Water From Nearest Available Location For Watering The Sapling” | ആദ്യ വർഷം | 2 | 214 | 428 | 686x @291 = 199626 | (428/12) X3 = 107 | 172x291 =50052 | 149574 |
| | രണ്ടാം വർഷം | 2 | 129 | 258 | | (258/12) X3 = 65 | | |
| | രണ്ട് വർഷത്തേക്ക് ആകെ | | | 686 | | 172 | | |
| 6, “Labour Engaged For Watering, Manuring And Removal Of Weeds Etc.” | ആദ്യ വർഷം | 200 | 36 | 7200 Each | 11400x 0.565 Each =6441 | (200x36)/12x3 =1800 Each | 1800 Eachx 0.565 = 1017 | 4831 |
| | രണ്ടാം വർഷം | 200 | 21 | 4200 Each | | (200x21)/12x3 =1050 Each | 1050 Eachx 0.565 = 593 | |
| | രണ്ട് വർഷത്തേക്ക് ആകെ | | | 11400 Each | | 2850 Each | 1610 | |
| | ആകെ അധികം നൽകിയ തുക | | | | | | | 154405 |

ഈ പ്രവർത്തിക്ക് മേൽ സൂചിപ്പിച്ച വിധം ആകെ (149090+154405), 303495/- രൂപ അധികം നൽകിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (29.15.9.23) ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവർത്തിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ കടുക്കുന്നതിനായിട്ട് ചെയ്ത് പോയതാണെന്നും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്ക് വരുന്ന തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ കൊടുക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം അധിക തൊഴിൽ ദിനങ്ങൾ കുറവ് ചെയ്യാതിരുന്നതെന്ന് പറഞ്ഞിരിക്കുന്നു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ സൂചിപ്പിച്ച രണ്ട് പ്രവർത്തികൾക്കുമായി ആകെ (280465+ 303495), 5,83,960/-രൂപ അധികം നൽകിയിട്ടുണ്ട്. അധികം ചെലവഴിച്ച തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/ പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18% ജി.എസ്.ടി ഉൾപ്പെടെ 281രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടി നത്തിൽ ഒടുക്കേണ്ട തുക | സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 133/23) എം.എൽ.എ റോഡ് പുനരുദ്ധാരണം | ടി.ജെ.ജോബ് (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 20 ബാരൽ | 5620 | 860 | 5620 | 77/ 11.7.22, |
| 2 | 131/23, ശ്മശാനം ചാക്യാമുറി റോഡ് പുനരുദ്ധാരണം | റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 25 ബാരൽ | 7025 | 1075 | 7025 | 13/ 4.11.22 |
| 3 | 115/23 ചേട്ടുതറ മസ്ജിദ് റോഡ് പുനരുദ്ധാരണം | പി.എസ്.സുനിൽകുമാർ റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 20 ബാരൽ | 5620 | 860 | 5620 | 9/ 16.9.22, |
| 4 | 124/23 മയൂരം, ഇല്ലത്തുപടി റോഡ് പുനരുദ്ധാരണം | എം.സി.കുര്യാക്കോസ് (മെയിന്റനൻസ് ഗ്രാന്റ്) | 24 ബാരൽ | 6744 | 1032 | 6744 | 6/ 28.6.22 598972 |
| 5 | 122/23 അമ്മനേഴത്ത് തൊഴുത്തുങ്കൽ റോഡ് പുനരുദ്ധാരണം | പി.എസ്.സുനിൽകുമാർ (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 18 ബാരൽ | 5058 | 774 | 5058 | 9/ 16.9.22 208644 |
| 6 | 118/23 കാട്ടുവിടാമൂല | പി.എസ്.സുനിൽകുമാർ (റോഡ് മെയിന്റനൻസ് | 24 ബാരൽ | 6744 | 1032 | 6744 | 8/ 16.9.22 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ളുമ്പുംകടവ് റോഡ് ടാറിംഗ് | ഗ്രാന്റ്) | | | | | 192297 |
| 7 | 121/23 കെൽട്രോൺ സുബ്രഹ്മണ്യ ലിങ്ക് റോഡ്- വിജയാമ്പിക ലിങ്ക് റോഡ് ടാറിംഗ് | എം.സി.കുര്യാക്കോസ് (മെയിന്റനൻസ് ഗ്രാന്റ്) | 26 ബാരൽ | 7306 | 1118 | 7306 | 5/ 28.6.22 544957 |
| | ആകെ | | | | | 44117 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/14.9.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കാലിവീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിലേക്ക് തന്നെ തിരിച്ചടക്കേണ്ടതും ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | പാലിയേറ്റീവ് കെയർ നെൽകൃഷിവികസനം | 200000 | 0 |
| | 2022-23 | 2220000 | ലൈഫ് | 2220000 | |
| | 2022-23 | 100000 | അംഗനവാടി പോഷകാഹാരം | 100000 | |
| | 2022-23 | 450000 | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 450000 | |
| | 2022-23 | 155000 | പാലിന് സബ്സിഡി | 155000 | |
| | 2022-23 | 200000 | അഗതി ആശ്രയ | 200000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 200000 | അഗതി ആശ്രയ | 200000 | |
| | 2022-23 | 1345000 | ലൈഫ് | 1345000 | |
| | 2022-23 | 350000 | അംഗനവാടി പോഷകാഹാരം | 350000 | |
| | 2022-23 | 219400 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 219400 | |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 1665996 | എരിയാകുളം നവീകരണം | 1665996 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| HUDCO | | 0 | 14282289 | 3349164 | | 10933125 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2022-23 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20888958 |
| തൻവർഷം നിക്ഷേപിച്ച തുക | 1256693 |
| ആകെ | 22145651 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22145651 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | തീയതി |
|---|---|---|
| എസ്.ബി.ഐ, അരൂർ | 1606605 | 16/06/2021 |
| ജില്ലാ സഹകരണ ബാങ്ക്, അരൂർ | 5846180 | 04/01/2019 |
| ജില്ലാ സഹകരണ ബാങ്ക്, അരൂർ | 7207304 | 04/01/2019 |
| ജില്ലാ സഹകരണ ബാങ്ക്, അരൂർ | 392000 | 18/03/2023 |
| എസ്.ബി.ഐ, അരൂർ | 2093562 | 06/05/2022 |
| കാനറാ ബാങ്ക്, അരൂർ | 5000000 | 25/03/2022 |
| ആകെ | 22145651 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2019-20 | 1-12(16) -16 | 630 | ജിനേഷ് അലോഷ്യസ് | 1220101481/17.6.22 |
| 2019-20 | 1-13 | 15010 | മാനേജർ | 1220101483/17.6.22 |
| 2020-21 | 2-2 | 626 | ബിനു തോമസ് | 1220101485/17.6.22 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91898528 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74418791 |
| വരവിനങ്ങളിലുള്ള നഷ്ടം | 33180 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | *734277 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 319930 |

*(ബി) യിലേയും (സി) യിലേയും തുക ചേർന്നതാണ്.

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്ന തുക | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 19000 | -_ | പി.വി.മണിയപ്പൻ<br>സെക്രട്ടറി |
| 2-2 | 350 | - | സിറോഷ്.എസ്<br>സെക്രട്ടറി |
| 2-3 | 13830 | - | സിറോഷ്.എസ്<br>സെക്രട്ടറി |
| 3-1 | - | 4577/- | റേച്ചൽ ബഞ്ചമിൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 44215/- | റേച്ചൽ ബഞ്ചമിൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | 19122/- | റേച്ചൽ ബഞ്ചമിൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 44117 | റേച്ചൽ ബഞ്ചമിൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 33180 | 112031 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 218756 | ശ്രീമതി. സിന്ധു, ഹെഡ്മിസ്ട്രസ് |
| 1-30 | 25424 | സിറോഷ്.എസ് സെക്രട്ടറി |
| 1-31 | 75750 | ശ്രീ. സി.ശ്യാംകുമാർ അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 319930 | |

സി) കേന്ദ്ര –സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 27,777 | ശ്രീമതി ആശ ഡേവിഡ് ആന്റണി ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-24 | 10,509 | ശ്രീമതി.അനിത.കെ.സി അക്രഡിറ്റഡ് എഞ്ചിനീയർ, എൻ ആർ ഇ ജി എസ് |
| 3-4 | 5,83,960 | ശ്രീ. റിജോയ്. പി.എഫ് അക്രഡിറ്റഡ് എഞ്ചിനീയർ, എൻ ആർ ഇ ജി എസ് |
| ആകെ | 6,22,246 | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-18

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി.മണിയപ്പൻ സെക്രട്ടറി | വിരമിച്ചു | പുത്തൻതറ എഴുപുന്ന സൗത്ത്, ചേർത്തല |
| സിറോഷ്.എസ് സെക്രട്ടറി | ലഭ്യമാക്കിയില്ല | കൊറ്റിനാട് ഹൗസ്, പ്രയാഡതെക്ക്, ഓച്ചിറ, കൊല്ലം |
| റേച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ അരൂർ ഗ്രാമപഞ്ചായത്ത് | ബഥേൽ ഹൗസ്, അരൂർ പി.ഒ, ആലപ്പുഴ |
| ശ്രീമതി. സിന്ധു ഹെഡ്മിസ്ട്രസ് | ഫിഷറീസ് സ്കൂൾ ഹെഡ്മിസ്ട്രസ് | സിന്ദൂരം അരൂർ പി.ഒ, ആലപ്പുഴ |

| | | |
|---|---|---|
| സി.ശ്യാംകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>അരൂർ ഗ്രാമപഞ്ചായത്ത് | കണ്ണേഴത്ത് മഠം,<br>തുറവൂർ സൗത്ത്.പി.ഒ<br>ആലപ്പുഴ |
| ശ്രീമതി. ആശ ഡേവിഡ് ആന്റണി<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ | അവധിയിൽ | മഞ്ഞപ്പള്ളി,<br>പതിനൊന്നാം മൈൽ,<br>സി.എം.സി19, ചേർത്തല |
| റിജോയ്. പി.എഫ്<br>അക്രഡിറ്റഡ് എഞ്ചിനീയർ,<br>എൻ ആർ ഇ ജി എസ് | ലഭ്യമാക്കിയില്ല | പൊള്ളേപ്പറമ്പിൽ,<br>ചന്തിരൂർപി.ഒ, ചേർത്തല |
| ശ്രീമതി.അനിത.കെ.സി,<br>അക്രഡിറ്റഡ് എഞ്ചിനീയർ,<br>എൻ ആർ ഇ ജി എസ് | ലഭ്യമാക്കിയില്ല | ശ്രീശൈലം,<br>കുത്തിയതോട് പി.ഒ,<br>ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ജി.എ 9-751(1)/99 |
| 1996-97 വരവ് | എൽ.എഫ്.ജി.എ 9-704/02 തീയതി 13.11.02/19.06.03 |
| 1997-98 ചെലവ് | എൽ.എഫ്.ജി.എ 6-774(1)/00 തീയതി 06.06.01/08.08.01 |
| 1997-98 വരവ് | എൽ.എഫ്.ജി.എ 9-951/02 തീയതി 06.11.02 |
| 1998-99 ചെലവ് | എൽ.എഫ്.ജി.എ 9-697/02 തീയതി 21.03.03 |
| 1998-99 വരവ് | എൽ.എഫ്.ജി.എ 9-97/03 തീയതി 17.09.03/07.10.03 |
| 1999-2000 വരവ് | എൽ.എഫ്.ജി.എ 9-98/03 തീയതി 17.09.03/10.10.03 |
| 2000-01 | എൽ.എഫ്.ജി.എ8-863/08 തീയതി 22.07.08/04.10.08 |
| 2001-02 വരവ് | എൽ.എഫ്.ജി.എ8-1363/07 തീയതി 02.02.09 |
| 2001-02 ചെലവ് | എൽ.എഫ്.ജി.എ 8-888/08 തീയതി 25.07.08 |
| 2002-03 | എൽ.എഫ്.ജി.എ8-419/09 തീയതി 02.04.09 |
| 2003-04 | എൽ.എഫ്.ജി.എ 8-1365/07 തീയതി 19.10.08 |
| 2004-05 | എൽ.എഫ്.ജി.എ 8-60/08 തീയതി 06.11.08 |
| 2005-06 | എൽ.എഫ്.ജി.എ 8-161/08 തീയതി 16.11.08 |
| 2007-08, 2008-09 | എൽ.എഫ്.ജി.എ 5-1577/13 തീയതി 09.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5--1577/13 തീയതി 09.05.2014 |
| 2010-11, 2011-12 | എൽ.എഫ്.ജി.എ5--1577/13 തീയതി 09.05.2014 |
| 2012-13 | എൽ.എഫ്.ജി.എ പി 2-243/2015 തീയതി 05.06.15/30.06.15 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി2-1038/15, തീയതി - 02.11.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി2-783/16/16.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി2-1252/16/09.11.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി13-1069/17/14.8.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി13-1672/18/08.02.2019 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി13-918/19/31.01.2020 |

| | |
|---|---|
| 2019-20 | നം.കെ.എസ്.എ/എ.എൽ.പി/പി11-1161/21/30.03.2022 |
| 2020-21 | നം.കെ.എസ്.എ/എ.എൽ.പി/പി11-1162/21/20.05.2022 |
| 2021-22 | കെ.എസ്.എ/എ.എൽ.പി/പി11-73/23/25.01.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 25-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Aroor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aroor Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Aroor Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.
2) Cash flow statement, Net increase/decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.
3) The Demand, Collection and Balance of Property Tax as per Annual Account does not match with the entries in D.C.B Statement from Sanjaya Software
4) The demand entries property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.

5) Annual DCB of various tax and non-tax receipts recorded in registers is not authenticated by the Secretary.
Therefore the authenticity of the various tax and non-tax receipts included in the annual accounts could not be verified.

6) Loan register, Advance register, fixed deposit register are not maintained and produced for verification.
7) MGNREGS administration fund recouped has been debited instead of crediting the same. Hence the liability in the AFS became 5141489/- instead of Rs.1960175
8) 595810/- shown as refundable to panchayath under the head Advance to implementing officers in balance sheet schedule B-18 is actually not refundable.
9) The unspent grant amount of MGNREGS Grant shown as liability in Balalnce sheet schedule B-4 mismatch with schedule B-17.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്